തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 ജൂലൈ ലക്കം 7

## മലങ്കര സൂര്യൻ.... സഭൈക്യ ശില്പി....



## ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മപെരുന്നാൾ

2019 ജൂലൈ 15

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മപ്പെരുന്നാളിലെ മുഖ്യാതിഥി



കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ്
**അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാതിരുമേനിയ്ക്ക്**
മലങ്കരയുടെ മണ്ണിലേയ്ക്ക് സുസ്വാഗതം!

സ്നേഹത്തിൽ ഒന്നിപ്പിക്കാൻ
വിരുന്ന്

**അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ**
**ഷഷ്ടിപൂർത്തി സ്മാരക ഉച്ചഭക്ഷണ പദ്ധതി "സ്നേഹവിരുന്നിന്റെ" ലോഗോ**

# മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 | 2019 ജൂലൈ | ലക്കം 7

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശുഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 3/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

സത്യബോധത്തിന്റെ നേർവഴികാട്ടി, മലങ്കരയുടെ ആരാധനാ പൈതൃകങ്ങളെ കാത്തുസൂക്ഷിച്ച്, സഭൈക്യത്തിന്റെ പ്രവാചക ദൗത്യമേറ്റെടുത്ത ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 66-ാം ഓർമ്മത്തിരുന്നാൾ 2019 ജൂലൈ 1 മുതൽ 15 വരെ വിവിധങ്ങളായ പരിപാടികളോടെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയൊന്നാകെ ആചരിക്കുകയാണ്. ഓർമ്മപ്പെരുന്നാൾ ദിനമായ ജൂലൈ 15-ന് പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷയിൽ അലക്സാൺഡ്രിയായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീസുമായ അത്യഭിവന്ദ്യ **ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ്** ബാവാ മുഖ്യാതിഥിയായി പങ്കെടുക്കും. ഈ ഓർമ്മതിരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ സഭാമക്കളേവരെയും ഹൃദയപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു.

അശാന്തിയുടെയും അനൈക്യത്തിന്റെയും കാർമേഘം പടർന്നിരുന്ന മലങ്കര സഭാനഭസിൽ വ്യക്തികൾക്കല്ല ദൈവൈക്യത്തിനാണ് പ്രഥമസ്ഥാനമെന്ന് ഉറക്കെ പ്രസ്താവിക്കുകയും അതിനായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ശ്രേഷ്ഠ പിതാവായിരുന്നു ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി. താൻ അംഗമായിരുന്ന സഭയുടെ ഉന്നമനത്തിനായി രാപകലില്ലാതെ അധ്വാനിച്ചു. കിട്ടാവുന്ന സാഹചര്യങ്ങളിലെല്ലാം സഭാതനയരെ സ്വന്തം ചിലവിൽ കൊണ്ടുപോയി ഉന്നത വിദ്യാഭ്യാസവും ജോലിസാധ്യതകളും കാട്ടികൊടുത്തു. അഭ്യസ്തവിദ്യരായ അനേകർക്ക് പുതിയ മേഖലകൾ കണ്ടെത്തുവാൻ അത് ഏറെ സഹായകമായി. സ്വന്തം സഭയുടെ വളർച്ച മാത്രമായിരുന്നു അതിനു പിന്നിൽ. അതിനിടയിലും സത്യാന്വേഷണത്തിന്റെ കൈവഴികളിലൂടെ അദ്ദേഹം സഞ്ചരിച്ചു. സ്വന്തം അധ്വാനവും, ആഗ്രഹങ്ങളും അതിന് തടസമാകുമെന്ന് തിരിച്ചറിഞ്ഞ ആ നിമിഷം മുതൽ സർവവും ത്യജിക്കാനായി ആശ്രമജീവിതത്തിന്റെ നെരിപ്പോടിൽ അഭയംതേടി. അതിൽ, ജീർണതകളുടെ സഭാസംസർഗങ്ങളെ എരിയിച്ചു തീർക്കാൻ ശ്രമംചെയ്ത ആ സന്യാസവര്യൻ സത്യത്തിന്റെ ഏകമാർഗം പുനരൈക്യമെന്ന സത്യസഭാസംസർഗമെന്ന് തിരിച്ചറിഞ്ഞപ്പോൾ, മുണ്ടൻമലയെന്ന ഔന്നത്യഗോപുരത്തെ, താൻ സ്വയം ആർജിച്ചെടുത്ത വസ്തുവകകളെ ഉപേക്ഷിച്ച് ഇറങ്ങിപുറപ്പെടാനുള്ള ധീരത കർമകുശലനായ പിതാവ് ലോകത്തിന് കാട്ടികൊടുത്തു. പ്രതിയോഗികൾപോലും അതിശയമായി അതിനെ പ്രകീർത്തിക്കുമ്പോൾ ഉപേക്ഷിക്കലുകൾ എത്രയോ ശ്രേഷ്ഠകരമെന്ന് ആ വന്ദ്യതാതൻ നമ്മെ ഓർമപ്പെടുത്തുന്നു.

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും സഭയുടെ പൊതുവായ ഓർമ്മത്തിരുനാൾ ആഘോഷങ്ങൾ 2019 ജൂലൈ 1 മുതൽ 15 വരെ വന്ദ്യപിതാവിന്റെ കബർ സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്. 1-ാം തീയതി മുതൽ 14-ാം തീയതിവരെ എല്ലാദിവസവും കബർചാപ്പലിൽ വി. കുർബാനയും, മധ്യസ്ഥ പ്രാർത്ഥനയും, വിവിധ ഭക്തസംഘടനകളുടെയും, സന്യാസസമൂഹങ്ങളുടെയും, പ്രാർത്ഥനാകൂട്ടായ്മകളുടെയും നേതൃത്വത്തിൽ പ്രാർത്ഥനകളും നടത്തപ്പെടും. വ്യക്തികളായും കൂട്ടായ്മകളായും വന്ന് അതിൽ സംബന്ധിക്കുന്നത് ഏറെ അനുഗ്രഹപ്രദവും നമ്മുടെ സഭാസ്നേഹത്തിന്റെ ഉത്തമസാക്ഷ്യവുമാണ്. വന്ദ്യപിതാവിന്റെ ഓർമതിരുന്നാളിനോടനുബന്ധിച്ച് നമ്മുടെ ഭക്തസംഘടനകളുടെയും, ഇടവകകളുടെയും, രൂപതകളുടെയും നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലായി പഠന പരിപാടികളും, ക്വിസ് മത്സരങ്ങളും സെമിനാറുകളും നടത്തുന്നു എന്നത്

ഏറെ പ്രോത്സാഹജനകമാണ്. നമ്മുടെ പൊതുവായ ആഘോഷ ങ്ങൾക്ക് തടസം നേരിടാത്ത രീതിയിൽ ആ കാര്യങ്ങൾ ക്രമീകരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാ ദിവസവും കബർ ചാപ്പ ലിനോടു ചേർന്ന് വി. കുമ്പസാരത്തിനുള്ള അവസരവും ഉണ്ടാ യിരിക്കുന്നതാണ്.

സഭയുടെ രണ്ടാം അസംബ്ലിക്ക് ഒരുക്കമായി നാം സ്വീകരിച്ചി രിക്കുന്ന 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന ആപ്തവാക്യത്തെ മുൻനിർത്തി കുടുംബങ്ങളുടെ വിശുദ്ധീകരണമെന്ന നിയോഗം ഈ വർഷത്തെ നമ്മുടെ പദയാത്രയുടെ പൊതുനിയോഗമായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ കുടുംബങ്ങളുടെയും ലോകത്തിലെ എല്ലാം കുടുംബങ്ങളുടെയും വിശുദ്ധീകരണമാണ് ഇതിലൂടെ സഭ ലക്ഷ്യംവയ്ക്കുന്നത്. അതിനാൽ കുടുംബാംഗ ങ്ങൾ ഒരുമിച്ച് ഈ നിയോഗത്തിൽ പദയാത്രയിൽ അണിചേരു ന്നത് ഏറെ അനുഗ്രഹകരമാണ്; ലോകത്തിനൊരു മാതൃകയുമാണ്. ഒരു ദിവസമെങ്കിലും അതിനായി സമയം കണ്ടെത്തണമെന്ന് പ്രിയ സഭാമക്കളെ ഞാൻ ഓർമ്മപ്പെടുത്തുന്നു. വന്ദ്യപിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് സഭയായി നാം ഏറ്റെടുത്തിരിക്കുന്ന 15 നോമ്പ് (ജൂലൈ 1-15) കൃത്യതയോടെ അനുഷ്ഠിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. പദയാത്രയിൽ മുഴുവൻസമയവും പങ്കെടുക്കുന്നവർ ഇതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പദയാത്രമൂലം യാതൊരുവിധത്തിലുമുള്ള ബുദ്ധി മുട്ടും പൊതുസമൂഹത്തിന് ഉണ്ടാവുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുകയും വേണം.

മുൻകാലങ്ങളിലേതുപോലെ ഈ വർഷവും സഭയുടെ പ്രധാന പദയാത്ര മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനം (MCYM)സഭാതലസമിതിയുടെ പ്രത്യേക നേതൃത്വത്തിൽ സഭ യിലെ എല്ലാ സംഘടനകളുടെയും പങ്കാളിത്തത്തോടെ 2019 ജൂലൈ 10-ാം തീയതി ബുധനാഴ്ച പെരുന്നാട് മുണ്ടൻമലയിൽനിന്നും രാവിലെ 6 മണിക്ക് നടത്തപ്പെടുന്ന വി. കുർബാനയോടുകൂടി ആരം ഭിക്കുന്നതാണ്. ഇതോടൊപ്പം, നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസ ങ്ങളിൽ തിരുവല്ല, മൂവാറ്റുപുഴ, ബത്തേരി, മാവേലിക്കര, മാർത്താ ണ്ഡം, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും, പൂന-കട്കി എക്സാർക്കേറ്റിൽനിന്നും, പദയാത്രകൾ ആരംഭിച്ച് പ്രധാന പദ യാത്രയോട് ചേരുന്നതുമായിരിക്കും. 14-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പ്രധാന പദയാത്രയ്ക്ക് കബറിങ്കൽ സ്വീക രണം നൽകും. തുടർന്ന് 5.30 മണിക്ക് സന്ധ്യാപ്രാർ ത്ഥനയും സഭാതലസുവിശേഷസംഘം 6-ാം ബാച്ച് അംഗങ്ങളുടെ കൈവയ്പു

ശുശ്രൂഷയും നടക്കും. അതിനുശേഷം മെഴുകുതിരി നേർച്ച പ്രദക്ഷിണം, കബറിൽ ധൂപപ്രാർത്ഥന, ശ്ലൈഹിക ആശിർവാദം, ജാഗരണ പ്രാർത്ഥന എന്നിവയുണ്ടായിരിക്കും.

ഓർമ്മതിരുന്നാൾ ദിവസമായ 15-ാം തീയതി രാവിലെ 8.00-ന് കോപ്ടിക് കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ് ബാവായ്ക്ക് കത്തീഡ്രൽ കവാടത്തിൽ സ്വീകരണം നൽകും. തുടർന്ന് പ്രഭാത നമസ്കാരം, ആഘോഷമായ വിശുദ്ധ സമൂഹബലി, കബറിൽ ധൂപപ്രാർത്ഥന, നേർച്ച, ശ്രാദ്ധസദ്യ എന്നിവയുണ്ടായിരിക്കും. സമൂഹബലിക്ക് നമ്മുടെ എല്ലാ ബഹുമാനപ്പെട്ട വൈദികരും സഹകാർമികരായി പങ്കുചേരണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ തിരുകർമ്മങ്ങളിൽ പങ്കുചേർന്ന് വന്ദ്യപിതാവിനോടുള്ള നമ്മുടെ ബന്ധവും, വിശുദ്ധ നാമകരണ നടപടികളിലേയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയുടെ പിൻബലവും നൽകി ശക്തിപ്പെടുത്തണമെന്ന് പ്രിയ സഭാമക്കളേവരെയും ഞാൻ ഓർമിപ്പിക്കുന്നു.

സാവൂളിനെപ്പോലെ, തിരിച്ചറിഞ്ഞ സത്യത്തെ സധൈര്യം പ്രഘോഷിച്ച മലങ്കരയുടെ പൗലോസാണ് ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ. ലഭ്യമാകാമായിരുന്ന സകല സ്ഥാനങ്ങളും ആഡംബരങ്ങളും ആനുകൂല്യങ്ങളും ആദർശധീരനായ ആ വത്സലപിതാവ് ധീരോദാത്തം വേണ്ടെന്നുവച്ചതിന്റെ പ്രത്യക്ഷസാക്ഷ്യങ്ങളാണ് നമ്മുടെ സഭയ്ക്ക് ഇന്ന് സ്വന്തമായതെല്ലാം. "തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" എന്നത് എത്രയോ സത്യം. ആ വന്ദ്യതാതന്റെ കാലടികളെ പ്രാർത്ഥനയോടെ പിൻചെല്ലാം. വിശുദ്ധ പദവി പ്രാപിക്കാൻ ജാഗ്രതയോടെ പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ.**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ.

25.06.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക - സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# 66 – ാം ഓർമ്മപ്പെരുന്നാൾ – 2019

## പ്രോഗ്രാം

**ജൂലൈ 1 മുതൽ 14 വരെ**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ

5.15 p.m : സന്ധ്യാനമസ്ക്കാരം

5.30 p.m. : വി. കുർബാന

**ജൂലൈ 10 (ബുധൻ) മുണ്ടൻമല, പെരുന്നാട്**

06.30 a.m. : പ്രഭാത നമസ്കാരം, വി. കുർബാന

08.30 a.m. : പെരുന്നാട്ടിൽനിന്ന് പട്ടം കബറിങ്കലേക്കുള്ള പ്രധാന തീർത്ഥാടന പദയാത്രയുടെ ഉദ്ഘാടനം.

**മറ്റു പദയാത്രകൾ**

: മാവേലിക്കരയിൽനിന്ന് **7.30 a.m., ജൂലൈ 9 ചൊവ്വ**

: തിരുവല്ലായിൽനിന്ന് **2.30 p.m., ജൂലൈ 10 ബുധൻ**

: മാർത്താണ്ഡത്തുനിന്ന് **8.30 a.m., ജൂലൈ 12 വെള്ളി**

: മൂവാറ്റുപുഴയിൽ നിന്ന് **7.30 a.m., ജൂലൈ 7 ഞായർ**

**ജൂലൈ 14 (ഞായറാഴ്ച)**

10.30 a.m. : വി. കുർബാന (കത്തീഡ്രൽ)

5 p.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്രികരെ കബറിങ്കൽ സ്വീകരിക്കുന്നു. (കത്തീഡ്രൽ)

5.30 p.m. : സന്ധ്യാനമസ്കാരം (കത്തീഡ്രൽ)

: സുവിശേഷസംഘാംഗങ്ങൾക്ക് കൈവെയ്പ് ശുശ്രൂഷ

: മെഴുകുതിരി പ്രദക്ഷിണ നേർച്ച

: കബറിങ്കൽ ധൂപപ്രാർത്ഥന, ശ്ലൈഹിക ആശിർവാദം (കത്തീഡ്രൽ മട്ടുപ്പാവിൽ)

8.00 p.m. മുതൽ: കബറിങ്കൽ ജാഗരണപ്രാർത്ഥന

**ജൂലൈ 15 (തിങ്കൾ)**

8.30 a.m. : **അത്യഭിവന്ദ്യ പാത്രിയർക്കീസ് ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ് ബാവായ്ക്ക്**കത്തീഡ്രൽ കവാടത്തിൽ ഔദ്യോഗിക സ്വീകരണം

: പ്രഭാത നമസ്ക്കാരം

: ആഘോഷമായ **പൊന്തിഫിക്കൽ കുർബാന** (വിശുദ്ധ സമൂഹബലി)

: സുവിശേഷസംഘാംഗങ്ങൾക്ക്വി. വേദപുസ്തകവും മെഴുകുതിരിയും നൽകുന്നു

: കബറിങ്കൽ ധൂപപ്രാർത്ഥന

: നേർച്ച, ശ്രാദ്ധ സദ്യ

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 3/2019

## സർക്കുലർ

### കാലംചെയ്ത അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനെക്കുറിച്ചുള്ള അനുസ്മരണം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

തിരുവല്ലാ അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സീനിയർ മെത്രാപ്പോലിത്തായുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് നമ്മിൽനിന്ന് 2019 ജൂൺ 4-ന് സ്വർഗീയഭവനത്തിലേക്ക് യാത്രയായത് ഏവരും അറിഞ്ഞിരുന്നല്ലോ. ഈ അവസരത്തിൽ സഭ മുഴുവന്റെയും ആദരവും, അനുശോചനവും, പ്രാർത്ഥനയും തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയെയും ബഹു. വൈദികരേയും സന്യസ്തരെയും, ദൈവജനത്തെയും കുടുംബാംഗങ്ങളെയും പ്രത്യേകം അറിയിക്കുന്നു.

2003 മാർച്ച് 19-ന് ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്നും വിരമിച്ച്, തിരുവല്ലാ അതിഭദ്രാസനത്തിലെ പള്ളിമലയിലും പുഷ്പഗിരി മെഡിക്കൽ കോളേജിലുമായി വിശ്രമജീവിതം നയിച്ചുവരവെ 2019 ജൂൺ 4-ാം തീയതി വെളുപ്പിനെ 3.15-ന് പുഷ്പഗിരി മെഡിക്കൽ കോളേജിൽവച്ച് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് കാലംചെയ്തു. പ്രത്യേക പ്രാർത്ഥനകൾക്കു ശേഷം അംശവസ്ത്രങ്ങൾ ധരിപ്പിച്ച് അഭിവന്ദ്യ പിതാവിന്റെ ഭൗതിക ശരീരം പുഷ്പഗിരി ഹോസ്പിറ്റൽ ചാപ്പലിൽ പൊതുദർശനത്തിനായി വച്ചു. 4 മണിയോടെ കബറടക്കത്തിന്റെ ഒന്നാം ശുശ്രൂഷ ഞാൻ അവിടെ നിർവഹിച്ചു. അതിനുശേഷം അഭിവന്ദ്യ പിതാ

വിന്റെ ഭൗതീകശരീരവും വഹിച്ചുകൊണ്ടുള്ള നഗരികാണിക്കൽ നടത്തി. വൈകിട്ട് 6 മണിക്ക് സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ എത്തിച്ച അഭിവന്ദ്യ പിതാവിന്റെ ഭൗതീകശരീരം പൊതുദർശനത്തിനായി അവിടെത്തന്നെ ക്രമീകരിക്കുകയും തുടർന്ന് സന്ധ്യാപ്രാർത്ഥനയും കബറടക്കശുശ്രൂഷയുടെ രണ്ടാം ക്രമവും സന്നിഹിതരായിരുന്ന അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം നടത്തുകയും ചെയ്തു. 5-ാം തീയതി രാവിലെ തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ മുഖ്യകാർമികത്വത്തിൽ വി. കുർബാനയർപ്പിച്ചു.

കബറടക്കദിവസമായ 6-ാം തീയതി രാവിലെ 7 മണിക്ക് നടത്തപ്പെട്ട വി. കുർബാനയ്ക്ക് ഞാൻ മുഖ്യകാർമികത്വം വഹിച്ചു. തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, സാമുവേൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, തോമസ് മാർ അന്തോണിയോസ് എന്നീ പിതാക്കന്മാർ സഹകാർമികരായിരുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് കബറടക്കശുശ്രൂഷയുടെ എട്ടാമത്തെയും അവസാനത്തെയും ക്രമം നടത്തി 4.30 മണിയോടെ അഭിവന്ദ്യ പിതാവിന്റെ ഭൗതീകശരീരം ശുശ്രൂഷകൾ പൂർത്തിയാക്കി തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ അടക്കംചെയ്തു.

ഭൗതികശരീരം പൊതുദർശനത്തിനായി വച്ച പുഷ്പഗിരി മെഡിക്കൽ കോളേജിലും, സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിലുമായി അനേകായിരങ്ങൾ അഭിവന്ദ്യ പിതാവിനെ അവസാനമായി കാണുന്നതിനും, പ്രാർത്ഥനകളോടെ അന്തിമോപചാരം അർപ്പിക്കുവാനുമായി കടന്നുവന്നു. സമാപനശുശ്രൂഷയിൽ സീറോ മലബാർ, ലത്തീൻ, മലങ്കര യാക്കോബായ, മാർത്തോമ്മാ, സി.എസ്.ഐ. സഭകളിലെ അഭിവന്ദ്യ പിതാക്കന്മാരും രാഷ്ട്രീയ-സാമൂഹ്യ-മത രംഗങ്ങളിലെ പ്രതിനിധികളും അനേകം വൈദികരും, സന്യസ്തരും, സെമിനാരി വിദ്യാർത്ഥികളും, വിവിധ ഭദ്രാസനങ്ങളിൽനിന്നും എത്തിച്ചേർന്ന അസംഖ്യം വിശ്വാസികളും, കുടുംബാംഗങ്ങളും ദേശവാസികളും പ്രാർത്ഥനയോടെ പങ്കുചേർന്നു.

തിരുവല്ലാ അതിഭദ്രാസനത്തെ ഇന്ന് കാണുന്ന ഔന്നത്യങ്ങളിലേക്ക് ദീർഘവീക്ഷണത്തോടെ നയിച്ച വിനയാന്വിതനും, മനുഷ്യസ്നേഹിയും, സൗമ്യപ്രകൃതത്തിന്റെ മൂർത്തീഭാവവും സർവോപരി ദൈവതൃക്കരങ്ങളിൽ സ്വയം സമർപ്പണം ചെയ്തു ജീവിതം നയിച്ച ശ്രേഷ്ഠവ്യക്തിത്വത്തിനുടമയുമായിരുന്നു അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി. ആവശ്യക്കാരന്റെ മുന്നിൽ അന്നമായും, ആവേശമായും വന്ദ്യപിതാവ് കടന്നുവരുമായിരുന്നു. ഉള്ളതൊക്കെ നൽകാൻ മടികാണിക്കാത്ത ലഭിച്ച താലന്തുകളൊക്കെ അൻപതും, അറുപതും, നൂറുമായി വർദ്ധിപ്പിച്ച ജാഗ്രതയുള്ള ഭൃത്യനായിരുന്നു ആ വത്സല പിതാവ്. ദൈവപരിപാലനയിലുള്ള വിട്ടുവീഴ്ചയില്ലാത്ത ആശ്രയത്വം ആ ജീവിതത്തിന്റെ സവിശേഷതയായിരുന്നു. അതുകൊണ്ടുതന്നെ ചോദിച്ചവരാരും നൽകാതിരുന്നിട്ടില്ല, ചോദിച്ചവർക്കാർക്കും കിട്ടാതെയുമിരുന്നിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും ദരിദ്രരെയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഔദാര്യത്തോടെ സഹായിച്ച സാധുജനസംരക്ഷകനും മഹാനുഭാവിയുമായിരുന്നു അഭിവന്ദ്യ പിതാവ്. പാവപ്പെട്ടവർക്ക് വലിയ പിൻബലവും, അവരോട് പ്രത്യേക പരിഗണനയും കാണിച്ചിരുന്നു.

92 വയസുവരെ സഭാശുശ്രൂഷകളിൽ ഭാഗ്യമോടെ ജീവിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പ്രഥമ സീനിയർ മെത്രാപ്പോലിത്തയാണ് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ്. 66 വർഷത്തെ സഭാശുശ്രൂഷയിൽ 31 വർഷം മേല്പട്ടക്കാരനായി ജീവിക്കാൻ പിതാവിന് ഭാഗ്യം ലഭിച്ചു. ബലഹീനനായ ഞാനുൾപ്പെടെ 5 അഭിവന്ദ്യ പിതാക്കന്മാരുടെയും, നിരവധി വൈദികരുടെയും ഗുരുഭൂതനുംകൂടിയായിരുന്നു അഭിവന്ദ്യ പിതാവ്. 80-ലധികം വൈദികർക്ക് കൈവയ്പ് ശുശ്രൂഷയും 200-ലധികം വൈദികാർത്ഥികൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്. തിരുവല്ലാ അതിഭദ്രാസനത്തിൽ ഇന്ന് തലയെടുപ്പോടെ നിലകൊള്ളുന്ന ഇടവകകളും, വൈദികമന്ദിരങ്ങളും, വിദ്യാഭ്യാസ-ആതുരാലയ കേന്ദ്രങ്ങളും, പാസ്റ്ററൽ സെന്ററുകളും, മറ്റ് ധർമസ്ഥാപനങ്ങളും, തിരുവല്ലാ പബ്ലിക് സ്റ്റേഡിയവും പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും, നയചാതുര്യത്തിന്റെയും, പൊതുസമൂഹത്തോടുള്ള കരുതലിന്റെയും ഉത്തമബിംബങ്ങളാണ്. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന് ഒരു മെഡിക്കൽ കോളേജ് എന്ന സ്വപ്നം പുഷ്പ

ഗിരിയിലൂടെ യാഥാർത്ഥ്യമായതും അഭിവന്ദ്യ പിതാവിന്റെ കാല ത്താണ്.

തിരുവല്ലാ നഗരത്തിന്റെ ഒരു അനിഷേധ്യസാന്നിധ്യമായിരുന്നു അഭിവന്ദ്യ പിതാവ്. അവിടുത്തെ പൊതുപ്രവർത്തനരംഗത്തും വിവിധ മതവിഭാഗങ്ങളോടും, സഹോദരീ സഭകളോടും ഒരുമി ച്ചുള്ള പ്രവർത്തനങ്ങളിൽ വ്യാപരിക്കാനും അഭിവന്ദ്യ പിതാവിന് സാധിച്ചു. സഭൈക്യത്തിന്റെ വക്താവുകൂടിയായിരുന്ന അഭിവന്ദ്യ പിതാവ് തിരുവല്ലായിൽ തുടങ്ങിയതാണ് എക്യുമെനിക്കൽ അഷ്ട ദിന പ്രാർത്ഥന, ഐക്യക്രിസ്തുമസ്, ക്ലർജി ഫെലോഷിപ്പ് എന്നിവ. നല്ല ഇടയന്റെ സ്നേഹപ്രകൃതവും, ഒരു പിതാവിനടുത്ത കരുതലും ആ ശ്രേഷ്ഠജീവിതത്തിന്റെ ഒളിമങ്ങാത്ത പ്രകടനങ്ങളായിരുന്നു.

ആരാധനാജീവിതത്തോട് അനിതര സാധാരണമായ ഭക്തിയും, നിഷ്ഠയും വച്ചുപുലർത്തിയിരുന്നു. ദീർഘനേരം വി. കുർബാന യുടെ മുൻപിൽ ദൈവാലയത്തിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. നിഷ്ഠയോടെയുള്ള ജീവിതക്രമങ്ങൾ ആ മഹത്ജീവിതത്തിന്റെ സവിശേഷതയായിരുന്നു. സി.ബി.സി.ഐ.യുടെയും, കെ.സി.ബി. സി.യുടെയും ഉപാധ്യക്ഷ പദവികളിലേക്കും അഭിവന്ദ്യ പിതാവ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. കാരിത്താസ് ഇന്ത്യയുടെ ചെയർമാ നായിരുന്ന സന്ദർഭത്തിൽ ലത്തൂരിലെ ഭൂകമ്പപ്രദേശങ്ങളിലെ പുന രധിവാസപ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമായിരുന്നു. കരുതലും കാരുണ്യവും പകർന്ന ഇടയശ്രേഷ്ഠനായിരുന്നു വന്ദ്യ പിതാവ്. അനേകം സൗഹൃദങ്ങളും ബന്ധങ്ങളും രൂപതയുടെയും സഭയു ടെയും വളർച്ചയ്ക്കായി അഭിവന്ദ്യ പിതാവ് രൂപപ്പെടുത്തിയെടുത്തു. ഡൽഹിയിൽ മിഷൻ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്നത് അഭിവന്ദ്യ പിതാവായിരുന്നു. വൈദികരെയും, സന്യസ്ത രെയും, ദൈവജനത്തെയും ഹൃദയത്തോട് ചേർത്തുനിർത്തിയ വാത്സല്യവാനായ പിതാവായിരുന്നു അദ്ദേഹം. അതുകൊണ്ടു തന്നെ ചുണ്ടേവാലേൽ അച്ചനെന്ന തീഷ്ണവാനായ മിഷണറി തിമോത്തിയോസ് പിതാവായി തീർന്നപ്പോഴും ജനമനസുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയ വ്യക്തിസാന്നിധ്യമായി നിലകൊണ്ടു. അതിന്റെ ഉത്തമസാക്ഷ്യമായിരുന്നു വന്ദ്യപിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കുചേർന്ന ജനസഞ്ചയം.

31 വർഷകാലയളവിലെ മേല്പട്ടശുശ്രൂഷയിൽ 16 വർഷകാലം വിരമിത മെത്രാനായി തിരുവല്ലാ അതിഭദ്രാസനത്തിനും, മലങ്കര സഭയ്ക്കും പ്രാർത്ഥനാ സാന്നിധ്യമായി അഭിവന്ദ്യ പിതാവ് നില

കൊണ്ടു. പരാതികളും പരിഭവങ്ങളുമില്ലാതെ പുഷ്പഗിരി മെഡിക്കൽ കോളേജിൽ ശുശ്രൂഷയുടെ അവസാന കാലഘട്ടത്തിൽ അഭിവന്ദ്യ പിതാവ് ചിലവഴിച്ചു. ആ സമയങ്ങളിൽ സഭയുടെ മുഴുവൻ കരുതലും, സ്നേഹവും അനുഭവിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ പിതാക്കന്മാരുടെയും മഹനീയ സാന്നിധ്യത്തിൽ കന്തീലാശുശ്രൂഷ ആഘോഷമായി സ്വീകരിക്കുവാനുള്ള ഭാഗ്യം അഭിവന്ദ്യ പിതാവിനുണ്ടായി. തിരുവല്ലാ അതിരൂപതയുടെ സ്നേഹമസൃണമായ കരുതലും, കാവലും അഭിവന്ദ്യപിതാവിന്റെ വിശ്രമകാലയളവിൽ സംലഭ്യമായി എന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പേരിൽ ഏറെ നന്ദിയോടെ ഞാൻ അനുസ്മരിക്കുകയാണ്. അതിഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പ്രത്യേകമായ നേതൃത്വം ഈ കാര്യങ്ങളിൽ ഉണ്ടായിരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. പിതാവിന്റെ വ്യക്തിപരമായ ആഘോഷങ്ങളും, ആദ്ധ്യാത്മിക ജീവിതത്തിനാവശ്യമായ കാര്യങ്ങളും സമയാസമയങ്ങളിൽ ഒരു കുറവുംകൂടാതെ നിർവഹിച്ചുകൊടുക്കുന്നതിൽ തിരുവല്ലാ അതിഭദ്രാസനം പ്രത്യേകമായ താല്പര്യം പ്രകടിപ്പിച്ചു. സഭയുടെ പേരിലുള്ള പ്രത്യേക ആദരവും നന്ദിയും ഈ സമയത്ത് ഞാൻ അറിയിക്കുകയാണ്. അതോടൊപ്പം അഭിവന്ദ്യ പിതാവിന്റെ ദേഹവിയോഗത്തിൽ അനുശോചനമറിയിക്കുകയും ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും കബറടക്ക ശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്ത ഏവരോടും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുള്ള പ്രത്യേകമായ കടപ്പാടും കൃതജ്ഞതയും ഞാനറിയിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ കുടുംബാംഗങ്ങളെയും ഈയവസരത്തിൽ നന്ദിയോടെ ഞാനോർക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ 40-ാം ചരമദിനം മാർ ഈവാനിയോസ് പദയാത്രയുടെ ക്രമീകരണങ്ങൾക്കായി ഒരുദിവസം മുൻപേ 2019 ജൂലൈ 13-ാം തീയതി ശനിയാഴ്ച തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്. അന്നേ ദിവസം രാവിലെ 8.30-ന് പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും നേതൃത്വത്തിൽ ആഘോഷമായ സമൂഹബലിയും കബറിങ്കൽ ധൂപപ്രാർത്ഥനയും ശ്രാദ്ധ ഊണും ഉണ്ടായിരിക്കുന്നതാണ്. 40-ാം ചരമദിനമായ ജൂലൈ 14-ാം തീയതി, ഞായറാഴ്ച, നമ്മുടെ എല്ലാ ദൈവാലയങ്ങളിലും

സന്യാസ ആശ്രമങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് ധൂപം വയ്ക്കേണ്ടതാണ്. സഭയുടെ ഔദ്യോഗിക ദുഃഖാചരണം പ്രമാണിച്ച് ഈ ദിവസങ്ങളിലെ മാറ്റിവയ്ക്കാവുന്ന എല്ലാ ആഘോഷപരിപാടികളും മാറ്റിവയ്ക്കുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം.

പൗരോഹിത്യ ഗുണവിശേഷണങ്ങളാൽ അലംകൃതനായ, ഇടയശുശ്രൂഷയിലെ മാനുഷികമുഖമായിരുന്ന അഭിവന്ദ്യ പിതാവിന്റെ ശ്രേഷ്ഠമായ ജീവിതമാതൃക നമുക്ക് അനുകരിക്കാം. ആത്മീയതലങ്ങളിൽ പിതാവ് ചൊല്ലിത്തന്ന വചനസന്ദേശങ്ങൾ ആഴത്തിൽ മനസിലാക്കി, എല്ലാറ്റിലുമുപരി ദൈവസ്നേഹം പ്രകടഭാവമായി, വിളിച്ചവന്റെ വാക്ക് കേട്ട് വലയിറക്കാൻ നമുക്ക് സന്നദ്ധരാകാം. അങ്ങനെ സഭയിലും സമൂഹത്തിലും പുതുസങ്കീർത്തനത്തിന്റെ വാഹകരാകാം. അതിനായി വന്ദ്യതാതന്റെ മാധ്യസ്ഥം നമുക്ക് കൂട്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

19.06.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B.: ഈ സർക്കുലറിലെ പ്രസക്ത ആശയങ്ങൾ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

*For Information*

## അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ

കോട്ടയം ജില്ലയിൽ മണർകാടിനടുത്തുള്ള അമയന്നൂരിൽ അനുഗൃഹീതമായ ചുണ്ടേവാലേൽ കുടുംബത്തിൽ വന്ദ്യ ജേക്കബ് കശീശായുടെയും കാർത്തികപള്ളിൽ പുത്തൻപീടികയിൽ അന്നമ്മയുടെയും സീമന്തപുത്രനായി 1928 ഫെബ്രുവരി 2-ാം തീയതി അഭിവന്ദ്യ പിതാവ് ഭൂജാതനായി. ജോർജ് എന്ന മാമ്മോദിസാ പേരിൽ അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ മാമ്മോദിസ സ്വീകരിച്ചു. അമയന്നൂർ സർക്കാർ എൽ. പി. സ്കൂളിൽ പ്രാഥമിക വിദ്യഭ്യാസവും, മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ (ഇപ്പോൾ ബഥനി സിസ്റ്റേഴ്സ് നടത്തുന്ന ഇൻഫന്റ് ജീസസ് സ്കൂൾ) മിഡിൽ സ്കൂൾ പഠനവും, കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നടത്തി. 1940-ൽ ബഹുമാനപ്പെട്ട ജേക്കബ് കശീശായും കുടുംബവും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ബഹുമാനപ്പെട്ട ഏബ്രഹാം മാരേട്ട് (സീനിയർ) അച്ചനാണ് ഈ കുടുംബത്തെ കത്തോലിക്കാ സഭയിൽ ചേർത്തത്. 1943-ൽ പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെ അനുഗ്രഹാശിസുകളോടെ തിരുവല്ലാ ചെറുപുഷ്പഗിരി (ഇപ്പോഴത്തെ ഇൻഫന്റ് മേരീസ്) മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി 1945-ൽ സിലോണിലെ (ഇപ്പോഴത്തെ ശ്രീലങ്ക) കാൻഡി സെമിനാരിയിൽ ചേർന്നു. പരിശീലനങ്ങൾ പൂർത്തിയാക്കി 1953 ഓഗസ്റ്റ് 24-ന് കാൻഡി സെമിനാരിയിൽവച്ച് ബിഷപ്പ് ഗ്ലെനിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

അതേവർഷം നാട്ടിൽ തിരിച്ചെത്തിയ ബഹുമാനപ്പെട്ട ജോർജ് ചുണ്ടേവാലേൽ അച്ചൻ കോതമംഗലം, നെല്ലിമറ്റം, അമയന്നൂർ എന്നിവിടങ്ങളിൽ വികാരിയായി. 1956-ൽ രൂപതാ പ്രൊക്കുറേറ്റർ, 1958-ൽ മൈനർ സെമിനാരി റെക്ടർ എന്നീ ശുശ്രൂഷകൾക്കു ശേഷം 1963-ൽ ഉപരിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ് സിറ്റിയിൽനിന്ന് ആദ്ധ്യാത്മിക

ദൈവശാസ്ത്രത്തിൽ ഉപരിപഠന ബിരുദം കരസ്ഥമാക്കി 1967-ൽ തിരിച്ചെത്തിയ ചുണ്ടവാലേൽ ജോർജ്ജച്ചൻ ദീർഘകാലം മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരി ജനറാൾ, രൂപതാ അഡ്മിനിസ്ട്രേറ്റർ എന്നീ ഉത്തരവാദിത്വങ്ങളിൽ നിയമിതനായി.

അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവിന്റെ നിര്യാണത്തെതുടർന്ന് 1988 മെയ് 19-ന് ഭദ്രാസനാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ജൂൺ 26-ന് മാതൃഇടവകയായ അമയന്നൂർ ദൈവാലയത്തിൽവച്ച് റമ്പാൻസ്ഥാനവും, 1988 ഓഗസ്റ്റ് 6-ന് തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽവച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് മെത്രാഭിഷേകവും സ്വീകരിച്ചു. 'നീ പറഞ്ഞത് അനുസരിച്ച് ഞാൻ വലയിറക്കാം' എന്നതായിരുന്നു പിതാവിന്റെ ആപ്തവാക്യം.

ഭദ്രാസനത്തിന്റെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാക്കുവാൻ 1997 ജൂലൈ 17-ാം തീയതി അഭിവന്ദ്യ കൂറിലോസ് പിതാവിനെ സഹായമെത്രാനായും പിന്നീട് 2003 ഫെബ്രുവരി 6-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനം രൂപീകൃതമായപ്പോൾ അതിന്റെ പ്രഥമ ഇടയനായും നിയമിച്ചു. 75 വയസ് പൂർത്തിയായപ്പോൾ 2003 മാർച്ച് 19-ന് അദ്ദേഹം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്നും വിരമിച്ച് തിരുവല്ലാ പള്ളിമലയിൽ താമസമാക്കുകയും ചെയ്തു. ആരോഗ്യപരമായ കാരണങ്ങളാൽ പിന്നീട് താമസം പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

അതിപ്രഗത്ഭനായ റെക്ടർ എന്ന നിലയിൽ 18 വർഷക്കാലം ബത്തേരി, മൂവാറ്റുപുഴ, തിരുവല്ല, പുത്തൂർ എന്നീ ഭദ്രാസനങ്ങളിലെ ഒട്ടനവധി വൈദികരെ വാർത്തെടുക്കുകയും എൺപതിൽപ്പരം വൈദികർക്ക് കൈവയ്പിലൂടെ വൈദികപട്ടം നൽകുകയും ചെയ്തു.

പതിനഞ്ച് വർഷക്കാലം ദീർഘദൃഷ്ടിയോടെ ഭദ്രാസനത്തെ നയിച്ച വന്ദ്യപിതാവിന്റെ കാലയളവ് നേട്ടങ്ങളുടെ സമയമായിരുന്നു. തിരുവല്ലാ അതിരൂപതയിലും മൂവാറ്റുപുഴ രൂപതയിലുമായി 65 പള്ളികൾ, 21 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 20 സാമൂഹിക ക്ഷേമ

പ്രവർത്തന സെന്ററുകൾ, കത്തീഡ്രൽ ഹാൾ ഉൾപ്പെടെ 35 ഹാളുകൾ, അസംഖ്യം വൈദികമന്ദിരങ്ങൾ, സ്ഥാപനങ്ങൾ, മതബോധനത്തിനും അജപാലന ശുശ്രൂഷകൾക്കുമായി കട്ടപ്പന, പീച്ചി, തിരുവല്ല എന്നിവിടങ്ങളിലായി സ്ഥാപിച്ച മൂന്ന് പാസ്റ്ററൽ സെന്ററുകൾ എന്നിവ അഭിവന്ദ്യ പിതാവിന്റെ അജപാലന ദീർഘവീക്ഷണത്തിന്റെ നേർകാഴ്ചകളാണ്. പുഷ്പഗിരി മെഡിക്കൽ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, ഒട്ടനവധി സ്കൂളുകൾ, ബി.എഡ് കോളേജ് എന്നിവ പിതാവിന്റെ അജപാലന വിദ്യാഭ്യാസ സാമൂഹിക പ്രതിബദ്ധതകളുടെ സംഭാവനകളാണ്.

അഭിവന്ദ്യ പിതാവിന്റെ മിഷൻ ദർശനം രൂപതയുടെ വളർച്ചയ്ക്ക് കാരണമായി. ധാരാളം മിഷനുകൾ സ്ഥാപിക്കുവാനും, ഹൈറേഞ്ചിലും, അട്ടപ്പാടിയിലും കേരളത്തിനു പുറത്ത് ഡൽഹിയിലും ധാരാളം ഇടവകകൾ സ്ഥാപിക്കുവാനും, സ്ഥലങ്ങൾ വാങ്ങിക്കുവാനും, സ്ഥാപനങ്ങളും ഇടവകകളും പുതുക്കി പണിയാനും പിതാവിന് സാധിച്ചു.

പാവപ്പെട്ടവരോട് പക്ഷംചേരുന്നതിന്റെ ഭാഗമായി ദളിത് കുട്ടികൾക്കുള്ള ഹോസ്റ്റലുകൾ ചുങ്കപ്പാറയിലും തിരുമൂലപുരത്തും, മാന്നാറിലും പിതാവ് സ്ഥാപിച്ചു. അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടു. ദളിത് ക്രൈസ്തവാവകാശങ്ങൾക്കുവേണ്ടി അറസ്റ്റ് വരിക്കാനും ആ വിഷയം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിന് സാധിച്ചു.

ബോധന സാമൂഹികക്ഷേമ പ്രവർത്തനങ്ങളിലൂടെ അനേകം പാവപ്പെട്ടവർക്കു സഹായങ്ങൾ എത്തിച്ചുകൊടുത്തു. പിതാവ് സ്ഥാപിച്ച തിരുവല്ലായിലെ അഭയ ഭവൻ, കാക്കനാട്ട് പ്രവർത്തിച്ചിരുന്ന പ്രോവിഡൻസ് ഹോം (ഇപ്പോൾ മോറിയാ ധ്യാനകേന്ദ്രം) തുടങ്ങിയ അഗതിമന്ദിരങ്ങൾ പിതാവിന്റെ പരസ്നേഹത്തിന്റെ നിത്യസ്മരണകളായി നിലകൊള്ളുന്നു.

അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ ഭൗതികശരീരം പൊതുദർശനത്തിന് വച്ചിരുന്ന സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ തങ്ങളുടെ ആത്മീയാചാര്യന് അന്തിമോപചാരം അർപ്പിച്ചു. സീറോ

-മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലിത്താ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ച്ബിഷപ് മാർ മാത്യൂ മൂലക്കാട്ട്, ആർച്ച്ബിഷപ് ഡോ. സൂസൈപാക്യം, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോർജ് വലിയമറ്റം, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, മാർ ജോസഫ് പണ്ടാരശേരിൽ, ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ, ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ബിഷപ് ജോസഫ് കരിയിൽ, ബിഷപ് ക്രിസ്തുദാസ്, ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ജോഷ്വാ മാർ നിക്കോദിമോസ്, മാർത്തോമ്മാ സഭാ അദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ഡോ. യുവാക്കിം മാർ കുറിലോസ്, ജോസഫ് മാർ ബർണബാസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ക്നാനായ സഭയിലെ ആർച്ച്ബിഷപ് കുര്യക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, കുര്യക്കോസ് മാർ ഇവാനിയോസ്, കുര്യക്കോസ് മാർ ഗ്രീഗോറിയോസ്, യാക്കോബായ സഭയിലെ തോമസ് മാർ തിമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, സക്കറിയാസ് മാർ പോളിക്കാർപ്പോസ്, സി.എസ്. ഐ. ബിഷപ് തോമസ് സാമുവൽ എന്നിവർ പ്രാർത്ഥനകൾ നടത്തി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, രാജ്യസഭ മുൻ ഉപാധ്യക്ഷൻ പി. ജെ. കുര്യൻ, മുൻ ഗവർണർ കുമ്മനം രാജശേഖരൻ, എം.പി.മാരായ കൊടിക്കുന്നിൽ സുരേഷ്, ആന്റോ ആന്റണി, എ. എം. ആരിഫ്, എം.എൽ.എമാരായ സി. എഫ്. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മാത്യു ടി. തോമസ്, രാജു ഏബ്രഹാം, മോൻസ് ജോസഫ്, വീണാ ജോർജ്, മുൻ എം.പി.മാരായ പി. സി. തോമസ്, ഫ്രാൻസിസ് ജോർജ്, മുൻ എം.എൽ.എ.മാരായ പി. സി. വിഷ്ണുനാഥ്, ജോസഫ് എം. പുതുശേരി, നഗരസഭാദ്ധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ, കെ.പി.സി.സി. ട്രഷറർ ജോൺസൺ ഏബ്രഹാം മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് തുടങ്ങിയവരും തിരുവല്ലായിലെ ജനപ്രതിനിധികളും പൗരപ്രമുഖരും രാഷ്ട്രീയനേതാക്കളും അന്തിമോപചാരം അർപ്പിക്കാനെത്തി.

# സഭാ വാർത്തകൾ

## അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവല്ലാ അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സീനിയർ മെത്രാപ്പോലിത്തായുമായ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി 2019 ജൂൺ 4-ന് കാലം ചെയ്തു. 1928 ഫെബ്രുവരി 1-ന് ജനിച്ച അദ്ദേഹം 1953 ഓഗസ്റ്റ് 24-ന് കാൻഡി സെമിനാരിയിൽവച്ച് ബിഷപ്പ് ഗ്ലെനിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. 1963-ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഉപരിപഠന ബിരുദം കരസ്ഥമാക്കി 1967-ൽ പൂർത്തിയാക്കിയ തിരുമേനി ദീർഘകാലം മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരി ജനറാൾ, രൂപതാ അഡ്മിനിസ്ട്രേറ്റർ എന്നീ ഉത്തരവാദിത്വങ്ങളിൽ നിയമിതനായി. 1988 മെയ് 19-ന് ഭദ്രാസനാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ജൂൺ 26-ന് മാതൃഇടവകയായ അമയന്നൂർ ദൈവാലയത്തിൽവച്ച് റമ്പാൻസ്ഥാനവും, 1988 ഓഗസ്റ്റ് 6-ന് തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽവച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് മെത്രാഭിഷേകവും സ്വീകരിച്ചു. 'നീ പറഞ്ഞത് അനുസരിച്ച് ഞാൻ വലയിറക്കാം' എന്നതായിരുന്നു പിതാവിന്റെ ആപ്തവാക്യം.

അതിപ്രഗത്ഭനായ റെക്ടർ എന്ന നിലയിൽ 18 വർഷക്കാലം ബത്തേരി, മൂവാറ്റുപുഴ, തിരുവല്ല, പുത്തൂർ എന്നീ ഭദ്രാസനങ്ങളിലെ ഒട്ടനവധി വൈദികരെ വാർത്തെടുക്കുകയും എൺപതിൽപ്പരം വൈദികർക്ക് കൈവയ്പിലൂടെ വൈദികപട്ടം നൽകുകയും ചെയ്തു. പതിനഞ്ച് വർഷക്കാലം ദീർഘദൃഷ്ടിയോടെ ഭദ്രാസനത്തെ നയിച്ച വന്ദ്യപിതാവിന്റെ കാലയളവ് നേട്ടങ്ങളുടെ സമയമായിരുന്നു. തിരുവല്ലാ അതിരൂപതയിലും മൂവാറ്റുപുഴ രൂപതയിലു

മായി 65 പള്ളികൾ, 21 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 20 സാമൂഹിക ക്ഷേമപ്രവർത്തന സെന്ററുകൾ, കത്തീഡ്രൽ ഹാൾ ഉൾപ്പെടെ 35 ഹാളുകൾ, അസംഖ്യം വൈദികമന്ദിരങ്ങൾ, സ്ഥാപനങ്ങൾ, മത ബോധനത്തിനും അജപാലന ശുശ്രൂഷകൾക്കുമായി കട്ടപ്പന, പീച്ചി, തിരുവല്ല എന്നിവിടങ്ങളിലായി സ്ഥാപിച്ച മൂന്ന് പാസ്റ്ററൽ സെന്ററുകൾ എന്നിവ അഭിവന്ദ്യ പിതാവിന്റെ അജപാലന ദീർഘവീക്ഷണത്തിന്റെ നേർകാഴ്ചകളാണ്. പുഷ്പഗിരി മെഡിക്കൽ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, ഒട്ടനവധി സ്കൂളുകൾ, ബി.എഡ് കോളേജ് എന്നിവ പിതാവിന്റെ അജപാലന വിദ്യാഭ്യാസ സാമൂഹിക പ്രതിബദ്ധതകളുടെ സംഭാവനകളാണ്. 75 വയസ് പൂർത്തിയായപ്പോൾ 2003 മാർച്ച് 19-ന് അദ്ദേഹം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്നും വിരമിച്ചു.

തിരുവല്ല അതിഭദ്രാസനത്തിന്റെ തിരുവല്ലായിലുള്ള പള്ളിമലയിൽ വിശ്രമജീവിതം നയിച്ചിരുന്ന അഭിവന്ദ്യ പിതാവ് തിരുവല്ലാ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് 2019 ജൂൺ 4 പുലർച്ചെ 3.30-നാണ് കാലം ചെയ്തത്. തുടർന്ന് ഭൗതികശരീരം സ്ഥാനവസ്ത്രങ്ങളണിയിച്ച് സിംഹാസനത്തിലിരുത്തി പുഷ്പഗിരി ആശുപത്രിയുടെ ചാപ്പലിൽ പൊതുദർശനത്തിന് വച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി ധൂപപ്രാർത്ഥന നടത്തി. തുടർന്ന് ഭൗതികശരീരം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. അവിടെ പ്രത്യേകം തയ്യാറാക്കപ്പെട്ട പേടകത്തിൽ പൊതുദർശനത്തിനായ് ഭൗതികശരീരം വച്ചു. തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും ധൂപപ്രാർത്ഥന നടത്തി. ധൂപപ്രാർത്ഥനയെ തുടർന്ന് രാത്രി മുഴുവൻ അഖണ്ഡപ്രാർത്ഥന നടന്നു.

അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ ഭൗതികശരീരം പൊതുദർശനത്തിന് വച്ചിരുന്ന സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ തങ്ങളുടെ ആത്മീയാചാര്യന് അന്തിമോപചാരം അർപ്പിച്ചു. സീറോ

-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ച്ബിഷപ് മാർ മാത്യൂ മൂലക്കാട്ട്, ആർച്ച്ബിഷപ് ഡോ. സൂസൈപാക്യം, ബിഷപ്പുമാരായ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോർജ് വലിയമറ്റം, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, മാർ ജോസഫ് പണ്ടാരശേരിൽ, സിൽവസ്റ്റർ പൊന്നുമുത്തൻ, സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ, സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ജോസഫ് കരിയിൽ, ക്രിസ്തുദാസ്, മലങ്കര ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ജോഷ്വാ മാർ നിക്കോദിമോസ്, മാർത്തോമ്മാ സുറിയാനി സഭാ അദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, മെത്രാന്മാരായ ഡോ. യുവാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർണബാസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ക്നാനായ സഭയിലെ ആർച്ച്ബിഷപ് കുര്യക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, കുര്യക്കോസ് മാർ ഇവാനിയോസ്, കുര്യക്കോസ് മാർ ഗ്രീഗോറിയോസ്, യാക്കോബായ സഭയിലെ തോമസ് മാർ തിമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, സക്കറിയാസ് മാർ പോളിക്കാർപ്പോസ്, സി.എസ്.ഐ. ബിഷപ് തോമസ് സാമുവൽ എന്നിവർ പ്രാർത്ഥനകൾ നടത്തി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, രാജ്യസഭ മുൻ ഉപാധ്യക്ഷൻ പി. ജെ. കുര്യൻ, മുൻ ഗവർണർ കുമ്മനം രാജശേഖരൻ, എം.പി.മാരായ കൊടിക്കുന്നിൽ സുരേഷ്, ആന്റോ ആന്റണി, എ. എം. ആരിഫ്, എം.എൽ.എ. മാരായ സി. എഫ്. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മാത്യു ടി. തോമസ്, രാജു ഏബ്രഹാം, മോൻസ് ജോസഫ്, വീണാ ജോർജ്, മുൻ എം.പി.മാരായ പി. സി. തോമസ്, ഫ്രാൻസിസ് ജോർജ്, മുൻ എം.എൽ.എ.മാരായ പി. സി. വിഷ്ണുനാഥ്, ജോസഫ് എം. പുതുശേരി, നഗരസഭാദ്ധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ, കെ.പി.സി.സി. ട്രഷറർ ജോൺസൺ ഏബ്രഹാം മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് തുടങ്ങിയവരും തിരുവല്ലായിലെ ജനപ്രതിനിധികളും പൗരപ്രമുഖരും രാഷ്ട്രീയനേതാക്കളും അന്തിമോപചാരം അർപ്പിക്കാനെത്തി.

# ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മപ്പെരുന്നാൾ

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 66–ാം ഓർമ്മപ്പെരുന്നാൾ 2019 ജൂലൈ 15–ന് ആഘോഷിക്കുന്നു. ഓർമ്മപ്പെരുന്നാൾ ആഘോഷത്തിന്റെ ഒരുക്കമായി ജൂലൈ ഒന്നു മുതൽ പതിനാലു വരെയുള്ള ദിവസങ്ങൾ തീർത്ഥാടന-പ്രാർത്ഥനാദിനങ്ങളായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലുള്ള ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെടും. എല്ലാ ദിവസവും രാവിലെ 9.00 മണി മുതൽ വിവിധ പ്രാർത്ഥനാകൂട്ടായ്മകളുടെ നേതൃത്വത്തിൽ കബറിങ്കൽ പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതാണ്. വൈകിട്ട് 5.15–ന് സന്ധ്യാനമസ്കാരവും വി. കുർബാനയും ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും. 2019 ജൂലൈ 10–ാം തീയതി റാന്നി പെരുന്നാട്ടിലെ കുരിശുമലയിൽ നിന്നാരംഭിക്കുന്ന പ്രധാന പദയാത്രയും വിവിധ ഭദ്രാസനങ്ങളിൽ നിന്നും കടന്നുവരുന്ന പദയാത്രകളും ജൂലൈ 14–ന് വൈകിട്ട് 5.00–ന് കബറിങ്കൽ എത്തിച്ചേരും. തുടർന്ന് 5.30–ന് സന്ധ്യാനമസ്കാരവും സുവിശേഷസംഘാംഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷയും മെഴുകുതിരി പ്രദക്ഷിണ നേർച്ചയും കബറിങ്കൽ ധൂപപ്രാർത്ഥനയും ശ്ലൈഹീക ആശീർവാദവും ഉണ്ടായിരിക്കും. 14–ാം തീയതി രാത്രി 9.00 മണി മുതൽ കബറിങ്കൽ ജാഗരണ പ്രാർത്ഥന നടത്തുന്നതുമാണ്. 2019 ജൂലൈ 15–ാം തീയതി ശനിയാഴ്ച രാവിലെ 8.30 ന് പ്രഭാതനമസ്കാരവും തുടർന്ന് മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ വി. കുർബാനയും നടക്കും. ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹിം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താമാരും വിവിധ ഭദ്രാസനങ്ങളിലെയും സന്യാസ സമൂഹങ്ങളിലെയും ബഹു. വൈദികരും സഹകാർമ്മികരായി പങ്കെടുക്കുന്നതായിരിക്കും. വി. കുർബാനയ്ക്ക് ശേഷം കബറിങ്കൽ ധൂപപ്രാർത്ഥനയും ശ്രാദ്ധസദ്യയും ഉണ്ടായിരിക്കുന്നതാണ്.

# കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി ഓർമ്മപ്പെരുന്നാളിൽ മുഖ്യാതിഥി

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മപ്പെരുന്നാൾ ആഘോഷത്തിന്റെ മുഖ്യാതിഥിയായി അലക്സാൺഡ്രിയായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീസുമായ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക്ക് സെദ്രാക്ക് ഗാദ് എൽസായദ് ബാവാ തിരുമേനി സംബന്ധിക്കും.

## തീർത്ഥാടന പദയാത്ര

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള പ്രധാന തീർത്ഥാടന പദയാത്ര 2019 ജൂലൈ 10-ന് റാന്നി-പെരുന്നാട്ടിൽ നിന്നും ആരംഭിക്കും. 8-ന് വൈകിട്ട് പദയാത്രാ ഒരുക്കധ്യാനം നടക്കും. 10-ന് രാവിലെ 6.30-ന് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകും. തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി തീർത്ഥാടന പദയാത്ര ഉദ്ഘാടനം ചെയ്ത് പദയാത്രികരെ ആശീർവദിക്കും. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. സഭാതല സമിതിയാണ് പദയാത്രയ്ക്ക് നേതൃത്വം നൽകുന്നത്. പദയാത്രയിൽ പങ്കെടുക്കുന്നവർ നിർബന്ധമായും നോമ്പനുഷ്ഠിച്ച് പ്രാർത്ഥനാപൂർവ്വമാണ് ഈ ആത്മീയശുശ്രൂഷയിൽ സംബന്ധിക്കേണ്ടതെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ആഹ്വാനം ചെയ്തു. സഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താമാർ, ബഹു. വൈദികർ, സന്ന്യസ്തർ, വിശ്വാസികൾ എന്നിവർ പദയാത്രയിൽ പങ്കെടുക്കും. 2019 ജൂലൈ 14-ന് വൈകുന്നേരം 5.00-ന് പദയാത്ര പട്ടം കബറിങ്കൽ എത്തിച്ചേരും.

# സ്നേഹവിരുന്ന്
# ഷഷ്ഠിപൂർത്തി സ്മാരക
# സൗജന്യ ഉച്ചഭക്ഷണ പദ്ധതി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിക്ക് 2019 ജൂൺ 15-ന് അറുപതു വയസ് പൂർത്തിയായി. അത്യഭിവന്ദ്യ തിരുമേനിയുടെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രൽ ക്യാമ്പസിൽ ആരംഭിക്കുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതിയായ സ്നേഹവിരുന്ന് ജൂലൈ 16 മുതൽ ആരംഭിക്കും. പട്ടം സെന്റ് മേരീസ് കത്തീഡ്രലിന്റെ പരിസര പ്രദേശങ്ങളിൽ ഉച്ചഭക്ഷണം ലഭിക്കാതിരിക്കുന്നവർക്കും, ജാതി-മതഭേദമന്യേ ഏവർക്കും ഈ ഉച്ചഭക്ഷണ പദ്ധതി തിരുവനന്തപുരം മേജർ അതിഭദ്രാസനം ക്രമീകരിക്കുന്നു.

# സ്നേഹ സുരക്ഷ

അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ഠിപൂർത്തി സ്മാരകമായി മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർദ്ധനരായ വിധവകളെ സഹായിക്കുന്നതിനുള്ള ഒരു കാരുണ്യപദ്ധതി - "സ്നേഹസുരക്ഷ" 2019 ജൂലൈ 16-ന് ആരംഭിക്കുന്നു. മേജർ അതിഭദ്രാസനത്തിലെ നിർദ്ധനരായ 120 വിധവകൾക്ക് വരുന്ന 5 വർഷത്തേക്ക് മാസം 1000/- രൂപ വീതം നൽകി സഹായിക്കും.

# മേജർ അതിഭദ്രാസന അസംബ്ലി
# ജൂലൈ 23, 24 തീയതികളിൽ

സഭാ അസംബ്ലിക്ക് ഒരുക്കമായി തിരുവനന്തപുരം മേജർ അതിഭദ്രാസന അസംബ്ലി ജൂലൈ 23, 24 തീയതികളിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് നടക്കും. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷത വഹിക്കുന്ന ഈ അസംബ്ലിയിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ

കോളേജ് ഡയറക്ടർ റവ. ഡോ. പോൾ പാറത്താഴം, റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ എന്നിവർ വിഷയാവതരണം നടത്തും. മേജർ അതിഭദ്രാസനത്തിൽ നിന്നും 171 പ്രതിനിധികൾ ഈ അസംബ്ലിയിൽ ഒത്തുചേർന്ന് "കൃപ നിറയുന്ന കുടുംബങ്ങളായി" രൂപീകൃതരാകുന്നതിനുള്ള ആലോചനയും വിചിന്തനവും നടത്തും. ജൂലൈ 23-ന് രാവിലെ 10.00-ന് ആരംഭിക്കുന്ന അസംബ്ലി 24-ാം തീയതി ഉച്ചയ്ക്ക് സമാപിക്കും.

## റവ. ഡോ. കുര്യൻ വാലുപറമ്പിലിന് ഗുരുപൂജാ പുരസ്കാരം

കെ.സി.ബി.സി. യുടെ ഈ വർഷത്തെ ഗുരുപൂജാ പുരസ്കാരത്തിന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ സീനിയർ വൈദികൻ റവ. ഡോ. കുര്യൻ വാലുപറമ്പിൽ അർഹനായി. ദീർഘകാലം നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര സെമിനാരി ഉൾപ്പെടെ വിവിധ സെമിനാരികളിൽ ബൈബിൾ പ്രൊഫസറായിരുന്നു. ബൈബിൾ പണ്ഡിതൻ, രചയിതാവ്, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. വി. ലൂക്കായുടെ സുവിശേഷത്തിൽ പ്രാവീണ്യമുള്ള റവ. ഡോ. കുര്യൻ വാലുപറമ്പിൽ ദീർഘകാലം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ബൈബിൾ പ്രേഷിത കാര്യാലയ ഡയറക്ടറായിരുന്നു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് DDU GKY പരിശീലന നടത്തിപ്പിന് എ ഗ്രേഡ്

കേന്ദ്ര സർക്കാരിന്റെയും കേരള കുടുംബശ്രീയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന പരിശീലന ക്രമത്തിന്റെ തിരുവനന്തപുരം മേഖലയിലെ സംഘടാകരായി കഴിഞ്ഞ 4 വർഷമായി പ്രവർത്തിക്കുന്ന എം.എസ്സ്.എസ്സ്.എസ്സ്.-ന് ഈ പദ്ധതിയുടെ പ്രശംസാർഹമായ നടത്തിപ്പിന് എ ഗ്രേഡ് ലഭിച്ചു. എം.എസ്സ്.എസ്സ്.എസ്സ്.-നു വേണ്ടി ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അംഗീകാരപത്രം കുടുംബശ്രീ ഡയറക്ടർ ശ്രീ. ഹരികിഷോർ ഐ.എ.എസ്.-ൽ നിന്നും സ്വീകരിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

# പ്രഥമാദ്ധ്യാപക സെമിനാർ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എല്ലാ സണ്ടേസ്കൂളിന്റെ ഹെഡ്മാസ്റ്റർമാർക്കായി ഏകദിന സെമിനാർ വിവിധ വൈദിക ജില്ലകളിൽ വച്ച് നടത്തപ്പെട്ടു. 2019 ജൂൺ 5-ാം തീയതി കഴക്കൂട്ടം, കിളിമാനൂർ, നെടുമങ്ങാട്, തിരുവനന്തപുരം വൈദിക ജില്ലകൾക്കു വേണ്ടി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ചും ജൂൺ 16-ാം തീയതി അടൂർ, കൊട്ടാരക്കര വൈദിക ജില്ലകൾക്കു വേണ്ടി കിഴക്കേത്തെരുവ് ഹോളി ട്രിനിറ്റി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും ജൂൺ 23-ാം തീയതി അഞ്ചൽ, പുനലൂർ വൈദികജില്ലകൾക്കു വേണ്ടി അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും ജൂൺ 30-ാം തീയതി ആയൂർ വൈദികജില്ലയ്ക്കു വേണ്ടി ആയൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും നടത്തപ്പെട്ടു. പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ റവ. ഫാദർ സി. സി. ജോൺ, അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാദർ ഡാനിയേൽ കുളങ്ങര എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിവിധ വൈദികജില്ലകളിൽ വച്ചു നടന്ന ഈ സെമിനാറിൽ 145 പ്രഥമാദ്ധ്യാപകർ സംബന്ധിച്ചു. എല്ലാ വൈദികജില്ലകളിലേയും ബഹുമാനപ്പെട്ട ജില്ലാ വികാരിമാർ, സണ്ടേസ്കൂൾ ഡയറക്ടേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, ജില്ലാ സെക്രട്ടറിമാർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# സൺഡേസ്കൂൾ സ്ഥിതി വിവര ഫോം

സൺഡേസ്കൂൾ സ്ഥിതി വിവര ഫോം (2019-2020) പൂരിപ്പിച്ച് ജൂലൈ 31-നകം കേന്ദ്ര ഓഫീസിൽ എത്തിക്കണം

# അദ്ധ്യാപകരുടെ Identity Card

പുതിയതായി അദ്ധ്യാപന ശുശ്രൂഷയിൽ പ്രവേശിച്ചവർക്കും Identity Card ആവശ്യമുള്ളവർക്കും അതിഭദ്രാസന കാര്യാലയത്തിൽ നിന്നും ഫോം വാങ്ങി പൂരിപ്പിച്ച് അപേക്ഷാഫോമി

നോടൊപ്പം 100 രൂപയും ഫീസായി ജൂലൈ 31-നകം അടയ്ക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ് വിതരണം

2018-2019 അദ്ധ്യയന വർഷത്തിൽ നടന്ന 10, 12 ക്ലാസ്സിലെ സണ്ടേസ്കൂൾ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ജൂലൈ 15 മുതൽ വിതരണം ചെയ്യുന്നതാണ്. ഇടവകയിൽ നിന്നും ഹെഡ്മാസ്റ്റർ അല്ലെങ്കിൽ പ്രതിനിധി സമന്വയ പാസ്റ്ററൽ സെന്ററിലെ വിശ്വാസ പരിശീലന കാര്യാലയത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ നേരിട്ട് ഏറ്റുവാങ്ങേണ്ടതാണ്.

## സ്കോളർഷിപ്പ് പരീക്ഷാഫലം (2018-2019)

2018-2019 അദ്ധ്യയന വർഷം നടത്തിയ സണ്ടേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷാഫലവും അദ്ധ്യാപകരുടേയും കുട്ടികളു t Sb pwk t- k \v qÄ U b elnb psS aÕ e^ e h pwwww. majorarchdioceseoftrivandrum.com,www.catholicate.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിജയികൾക്കും റാങ്ക് കരസ്ഥമായവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## അതിഭദ്രാസന എക്സിക്യൂട്ടീവ് മീറ്റിംഗ്

2019 ജൂലൈ 15-ാം തീയതി (ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മദിനം) ഉച്ചകഴിഞ്ഞ് 1 മണിക്ക് സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് അതിഭദ്രാസന എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുന്നതാണ്. ബഹുമാനപ്പെട്ട സണ്ടേസ്കൂൾ ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ജില്ലാ സെക്രട്ടറിമാർ, അതിഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഈ മീറ്റിംഗിൽ സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## SCHOLARSHIP EXAMINATION RESULTS 2018-2019

**സ്റ്റാൻഡേർഡ് III**

| പേര് | ഇടവക | വൈദികജില്ല | റാങ്ക് |
|---|---|---|---|
| ദിയ എൽ.ജെ. | കല്ലയം | തിരുവനന്തപുരം | Ist |
| ജോയൽ സിജു | അടൂർ | അടൂർ | IInd |
| അശിസ്സ് ബെന്നി | ഒഴുകുപാറയ്ക്കൽ | ആയൂർ | IIIrd |

**സ്റ്റാൻഡേർഡ് IV**

| | | | |
|---|---|---|---|
| ജോസഫ് മാത്യു | നാലാഞ്ചിറ | തിരുവനന്തപുരം | Ist |
| നെസിയ ആൻ സജി | വില്ലൂർ | കൊട്ടാരക്കര | IInd |
| അലോന ബി. | മീൻകുളം | അഞ്ചൽ | IIIrd |

**സ്റ്റാൻഡേർഡ് V**

| | | | |
|---|---|---|---|
| ഡെൽന എസ്. ബാബു | പുതുശ്ശേരിഭാഗം | അടൂർ | Ist |
| ഫേബ സാറാ സജി | നാലാഞ്ചിറ | തിരുവനന്തപുരം | IInd |
| ജസ്റ്റീന സി. ഫിലിപ്പ് | കറവൂർ | പുനലൂർ | IIIrd |

**സ്റ്റാൻഡേർഡ് VI**

| | | | |
|---|---|---|---|
| റിച്ച സാറാ സാം | പട്ടം | തിരുവനന്തപുരം | Ist |
| മീവൽ മറിയം ഷിബു | അഞ്ചൽ | അഞ്ചൽ | IInd |
| ലിയ മരിയ ലിനോജ് | പുതുശ്ശേരിഭാഗം | അടൂർ | IIIrd |

**സ്റ്റാൻഡേർഡ് VII**

| | | | |
|---|---|---|---|
| എയ്ഞ്ചൽ മരിയ ബിജോയി | പട്ടം | തിരുവനന്തപുരം | Ist |
| നിത്യ ജോൺസൺ | പൊടിയാട്ടുവിള | ആയൂർ | IInd |
| അബിയ ജെയിംസ് | പുനലൂർ | പുനലൂർ | IIIrd |

**സ്റ്റാൻഡേർഡ് VIII**

| | | | |
|---|---|---|---|
| മഹിമ മറിയം വിൻസന്റ് | മഞ്ഞക്കാല | കൊട്ടാരക്കര | Ist |
| അലീഷ അജു | നാലാഞ്ചിറ | തിരുവനന്തപുരം | IInd |
| സെയിനോ സാറാ സൈമൺ | വയല | അടൂർ | IIIrd |

**സ്റ്റാൻഡേർഡ് IX**

| | | | |
|---|---|---|---|
| സാനിയ ഷാജി | ഇടമുളയ്ക്കൽ | ആയൂർ | Ist |
| ഐറിൻ ആൻ സാം | അഞ്ചൽ | അഞ്ചൽ | IInd |
| സാനിയ മറിയം സജി | വില്ലൂർ | കൊട്ടാരക്കര | IIIrd |

**സ്റ്റാൻഡേർഡ് XI**

| | | | |
|---|---|---|---|
| മെർലിൻ സജി | അഞ്ചൽ | അഞ്ചൽ | Ist |
| റ്റീന ജെയിംസ് | മഞ്ഞക്കാല | കൊട്ടാരക്കര | IInd |
| ബിൻസി ട്രീസ എ.എസ്. | മണലയം | തിരുവനന്തപുരം | IIIrd |

## LIST OF THE CHILDRENS DIARY COMPETITION 2018-2019

| പേര് | ഇടവക | വൈദികജില്ല | റാങ്ക് |
|---|---|---|---|
| **സ്റ്റാൻഡേർഡ് III** | | | |
| സോന ജെ. റ്റാൻസൻ | കറവൂർ | പുനലൂർ | Ist |
| ആൻ വി. പ്രിൻസ് | ചെങ്ങമനാട് | കൊട്ടാരക്കര | IInd |
| തനൂജ അജയൻ | കുതിരകളം | നെടുമങ്ങാട് | IIIrd |
| **സ്റ്റാൻഡേർഡ് IV** | | | |
| സിന്ത മരിയ സിനോ | കാര്യവട്ടം | കഴക്കൂട്ടം | Ist |
| അലോന സുനിൽ | ഇടമുളയ്ക്കൽ | ആയൂർ | IInd |
| ജിൻസി വിജയകുമാർ | പരുത്തിക്കുഴി | നെടുമങ്ങാട് | IIIrd |
| **സ്റ്റാൻഡേർഡ് V** | | | |
| അതുല്യ പ്രീതി തങ്കച്ചൻ | ചെറുവല്ലൂർ | ആയൂർ | Ist |
| ജോബിക ആർ.ബി. | വലിയമല | നെടുമങ്ങാട് | IInd |
| സിജോ പി. ജോൺ | കുറ്റിയാനി | കഴക്കൂട്ടം | IIIrd |
| **സ്റ്റാൻഡേർഡ് VI** | | | |
| മരിയ സാറാ ജോസ് | ഇളമാട് | ആയൂർ | Ist |
| അന്ന എം.എസ് | വേങ്ങോട് | കഴക്കൂട്ടം | Ist |
| ബിജയ് ബി.എസ്. | വില്ലൂർ | കൊട്ടാരക്കര | IInd |
| ആനി എൽ.ജെ | കോലിയക്കോട് | കഴക്കൂട്ടം | IIIrd |
| **സ്റ്റാൻഡേർഡ് VII** | | | |
| മന്ന മറിയം ജാനി | ഇടമൺ | പുനലൂർ | Ist |
| ബിൻസി വിജയകുമാർ | പരുത്തിക്കുഴി | നെടുമങ്ങാട് | IInd |
| സോന സുനിൽ | നിലമേൽ | കിളിമാനൂർ | IInd |
| മന്ന തങ്കം വിൻസന്റ് | മഞ്ഞക്കാല | കൊട്ടാരക്കര | IIIrd |
| **സ്റ്റാൻഡേർഡ് VIII** | | | |
| ആഞ്ചലീന മനോജ് | ഇടമൺ | പുനലൂർ | Ist |
| അൻസ അലക്സാണ്ടർ | അടൂർ | അടൂർ | IInd |
| അനുഗ്രഹ ബെന്നി | ഒഴുകുപാറയ്ക്കൽ | ആയൂർ | IInd |
| വർഷ റ്റി.എം. | കരകുളം | നെടുമങ്ങാട് | IIIrd |

### സ്റ്റാൻഡേർഡ് IX

| | | | |
|---|---|---|---|
| മീനു ജോസ് | വയല | അടൂർ | Ist |
| ആനി എസ്. | ഊരകം | കിളിമാനൂർ | IInd |
| ഫെനു ജോസഫ് | ഇടമൺ | പുനലൂർ | IInd |
| അലീന അജു | നാലാഞ്ചിറ | തിരുവനന്തപുരം | IIIrd |

### സ്റ്റാൻഡേർഡ് X

| | | | |
|---|---|---|---|
| ജോസ്ന മറിയം ജോസഫ് | ഉറുകുന്ന് | പുനലൂർ | Ist |
| ആദർശ ബി. | ആവണീശ്വരം | കൊട്ടാരക്കര | IInd |
| അലൻ വർഗ്ഗീസ് | പാണ്ടിത്തിട്ട | കൊട്ടാരക്കര | IIIrd |

### സ്റ്റാൻഡേർഡ് XI

| | | | |
|---|---|---|---|
| അജോമോൻ ആർ | ചെങ്ങമനാട് | കൊട്ടാരക്കര | Ist |
| നിത്യ എസ്. മേരി | വെമ്പായം | നെടുമങ്ങാട് | Ist |
| എയ്ഞ്ചൽ റ്റി സുനിൽ | വയല | അടൂർ | IInd |
| ജീന സി | പോത്തൻകോട് | കഴക്കൂട്ടം | IIIrd |

### സ്റ്റാൻഡേർഡ് XII

| | | | |
|---|---|---|---|
| ജൂബി വി.സജി | കിഴക്കേത്തെരുവ് | കൊട്ടാരക്കര | Ist |
| സാന്ദ്ര സാബു | ഉറുകുന്ന് | പുനലൂർ | Ist |
| ജീന റോബർട്ട് | കല്ലയം | തിരുവനന്തപുരം | IInd |
| റ്റീന രാജ് | ആര്യനാട് | നെടുമങ്ങാട് | IInd |
| ലിന്റ തോമസ് | ഉറുകുന്ന് | പുനലൂർ | IIIrd |

## TEACHERS DIARY COMPETITION 2018-2019

| പേര് | ഇടവക | വൈദികജില്ല | റാങ്ക് |
|---|---|---|---|

### സ്റ്റാൻഡേർഡ് L.K.G.

| | | | |
|---|---|---|---|
| ലിനു ലിജു | പാണ്ടിത്തിട്ട | കൊട്ടാരക്കര | Ist |
| മിനി ബിനു | ആര്യങ്കാവ് | പുനലൂർ | IInd |
| സെലിൻ ജോസഫ് | കൈതപ്പറമ്പ് | അടൂർ | IIIrd |

### സ്റ്റാൻഡേർഡ് U.K.G.

| | | | |
|---|---|---|---|
| സോണിയ തോമസ് | ആര്യങ്കാവ് | പുനലൂർ | Ist |
| അനു സേവ്യർ | കാഞ്ഞിരംപാറ | തിരുവനന്തപുരം | IInd |
| സൂസമ്മ ഐസക് | കൈതപ്പറമ്പ് | അടൂർ | IIIrd |

### സ്റ്റാൻഡേർഡ് I

| | | | |
|---|---|---|---|
| ബെനീത ബെന്നി | ചിരട്ടക്കോണം | കൊട്ടാരക്കര | Ist |
| സാന്ദ്ര ആർ സന്തോഷ് | വേറ്റിനാട് | നെടുമങ്ങാട് | Ist |
| ആൻസിരാജ് എസ് | കാഞ്ഞിരംപാറ | തിരുവനന്തപുരം | IInd |
| ലിജി ബാബു | തൊടുവക്കാട് | അടൂർ | IInd |
| സുവി സുരേഷ് | അമ്പലക്കര | ആയൂർ | IIIrd |
| ലീന ഷിബു | കോട്ടവട്ടം | പുനലൂർ | IIIrd |

### സ്റ്റാൻഡേർഡ് II

| | | | |
|---|---|---|---|
| ലിസി മാത്യു | ആര്യങ്കാവ് | പുനലൂർ | Ist |
| ലത ആർ | പൊങ്ങുംമൂട് | തിരുവനന്തപുരം | IInd |
| ലിനി ജോസ് | ഇളമാട് | ആയൂർ | IInd |
| സുമ ജേക്കബ് | കൊടുമൺ | അടൂർ | IIIrd |
| വിമലാമ്പിക വി | കരകുളം | നെടുമങ്ങാട് | IIIrd |

### സ്റ്റാൻഡേർഡ് III

| | | | |
|---|---|---|---|
| സുനി സ്റ്റെയിൻസ് | പോങ്ങുംമൂട് | തിരുവനന്തപുരം | Ist |
| സെൽവി വി | വെള്ളൂർക്കോണം | നെടുമങ്ങാട് | IInd |
| ബ്ലെസ്സി മേബിൾ ജിയോ | ഇടമൺ | പുനലൂർ | IIIrd |

### സ്റ്റാൻഡേർഡ് IV

| | | | |
|---|---|---|---|
| സിജി ബിനു | കൊടുമൺ | അടൂർ | Ist |
| അമ്പിളി സജി | ആര്യനാട് | നെടുമങ്ങാട് | IInd |
| രാജി മാത്യു | പനവേലി | കൊട്ടാരക്കര | IInd |
| ശോഭിത സദൻ | കാഞ്ഞിരംപാറ | തിരുവനന്തപുരം | IIIrd |

### സ്റ്റാൻഡേർഡ് V

| | | | |
|---|---|---|---|
| ജോബിൻ ജോസ് | പുനലൂർ | പുനലൂർ | Ist |
| സിബി ബാബു | കൊടുമൺ | ആടൂർ | IInd |
| ലീലു ജേക്കബ് | പനവേലി | കൊട്ടാരക്കര | IIIrd |

### സ്റ്റാൻഡേർഡ് VI

| | | | |
|---|---|---|---|
| സോഫിയ ജോൺ | കോഴിയോട് | നെടുമങ്ങാട് | Ist |
| ജോസി ജോയി | ഇളമാട് | ആയൂർ | IInd |
| പ്രിൻസി എസ് | പനവേലി | കൊട്ടാരക്കര | IIIrd |

### സ്റ്റാൻഡേർഡ് VII

| | | | |
|---|---|---|---|
| ദീപ കുഞ്ഞുമോൻ | പനവേലി | കൊട്ടാരക്കര | Ist |
| ബീന കുരുവിള | പോങ്ങുംമൂട് | തിരുവനന്തപുരം | IInd |
| ജെസ്സി അച്ചൻകുഞ്ഞ് | ഇടമൺ | പുനലൂർ | IInd |
| അജിത രാജ് | കോലിയക്കോട് | കഴക്കൂട്ടം | IIIrd |

### സ്റ്റാൻഡേർഡ് VIII

| | | | |
|---|---|---|---|
| ആശ പി. അലക്സ് | പൊങ്ങുംമൂട് | തിരുവനന്തപുരം | Ist |
| മിനി അലക്സ് | നെടുമങ്ങാട് | നെടുമങ്ങാട് | IInd |
| ടോണി തോമസ് | പൊടിയാട്ടുവിള | ആയൂർ | IIIrd |

### സ്റ്റാൻഡേർഡ് IX

| | | | |
|---|---|---|---|
| സോമിനി ജോസ് | വെട്ടിത്തിട്ട | പുനലൂർ | Ist |
| അജ്ഞു മേരി | ചിരട്ടക്കോണം | കൊട്ടാരക്കര | Ist |
| ഗ്രേസി വി.കെ | പോങ്ങുംമൂട് | തിരുവനന്തപുരം | IInd |
| സിമി ഫിലിപ്പ് | കൈതപ്പറമ്പ് | അടൂർ | IInd |
| മത്തായിക്കുട്ടി എം.എം. | ഒഴുകുപാറയ്ക്കൽ | ആയൂർ | IIIrd |

### സ്റ്റാൻഡേർഡ് X

| | | | |
|---|---|---|---|
| ലിൻസി ജോസഫ് | ഇടമൺ | പുനലൂർ | Ist |
| ഷീജ എസ് | വെളിയൂർ | നെടുമങ്ങാട് | Ist |
| റോസമ്മ ബാബു | അമ്പലക്കര | ആയൂർ | IInd |
| മോളി ജോർജ്ജ് | അടൂർ | അടൂർ | IIIrd |

### സ്റ്റാൻഡേർഡ് XI

| | | | |
|---|---|---|---|
| അഞ്ജു പ്രവീൺ | മണലയം | തിരുവനന്തപുരം | Ist |
| ശോഭന റ്റി.എസ് | കൊടുമൺ | അടൂർ | IInd |
| സുശീല വിൻസന്റ് | വേറ്റിനാട് | നെടുമങ്ങാട് | IIIrd |

### സ്റ്റാൻഡേർഡ് XII

| | | | |
|---|---|---|---|
| ആലീസ് രാജു | ചിരട്ടക്കോണം | കൊട്ടാരക്കര | Ist |
| ജീന എബി | കൈതപ്പറമ്പ് | അടൂർ | IInd |
| സോഫി രാജ് | ആര്യനാട് | നെടുമങ്ങാട് | IInd |
| സി. ജോൺസിലിൻ ഡി.എം | ഇടമൺ | പുനലൂർ | IIIrd |

# അർദ്ധവാർഷിക സെനറ്റ്

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ത്തിന്റെ കഴിഞ്ഞ ആറുമാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയി രുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 2019 ജൂൺ 30-ാം തീയതി നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ B-Hub-ൽ വച്ച് അർദ്ധവാർഷിക സെനറ്റ് നടത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. എം.സി.വൈ.എം. ന്റെയും 9 വൈദികജില്ലകളുടേയും ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ സമ്മേളനത്തിൽ അവതരി പ്പിച്ചു.

# ഗ്രീൻ സൺഡേ

എം.സി.വൈ.എം. സഭാതല സമിതിയുടെ ആഹ്വാന പ്രകാരം മേജർ അതിഭദ്രാസനത്തിലെ എല്ലാ യൂണിറ്റുകളിലും 2019 ജൂൺ മാസം പരിസ്ഥിതി ദിനാഘോഷം നടത്തപ്പെട്ടു. വ്യത്യസ്തമായ രീതികളിൽ പരിസ്ഥിതി ദിനാഘോഷം നടത്തിയ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം, പൊടിയാട്ടുവിള യൂണിറ്റ്, സെന്റ് സെബാസ്റ്റ്യൻ മലങ്കര കത്തോലിക്കാ ദൈവാലയം, കരവാളൂർ യൂണിറ്റ്, സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം, ആര്യനാട് യൂണിറ്റ് എന്നിവർക്കുള്ള പുരസ്കാരങ്ങൾ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് നൽകി.

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിലേക്കുള്ള തീർത്ഥാടന പദയാത്ര

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാ പ്പോലീത്തൻ ആർച്ചുബിഷപ്പും പുനരൈക്യ പ്രേണേതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മ

ത്തിരുന്നാൾ 2019 ജൂലൈ 15-ന് ആഘോഷിക്കുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വ ത്തിൽ നടക്കുന്ന 41-ാമത് തീർത്ഥാടന പദയാത്ര 2019 ജൂലൈ 10 മുതൽ 14 വരെ റാന്നി പെരുന്നാട്ടിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രൽ കബറിട ചാപ്പലിലേക്ക് നടക്കുന്നതിന്റെ ക്രമീകരണം താഴെ കൊടുക്കുന്നു:

## July 9 ചൊവ്വ

05.30 pm : കുരിശിന്റെ വഴി (പെരുന്നാട് കുരിശുമലയിൽ)
07.00 pm : ഒരുക്കധ്യാനം
നയിക്കുന്നത് : **റവ. ഫാ. യേശുദാസ് ഒ.ഐ.സി.**

## July 10 ബുധൻ

6.30 am : പ്രഭാത നമസ്ക്കാരം, വിശുദ്ധ കുർബാന
മുഖ്യകാർമ്മികൻ : **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി**
08.30 am : പദയാത്ര ഉദ്ഘാടനവും ആശീർവാദവും
12.30 pm : വടശ്ശേരിക്കര (ഉച്ചഭക്ഷണം)
02.30 pm : മണ്ണാറകുളഞ്ഞി
03.30 pm : മൈലപ്ര
04.30 pm : കുമ്പഴ (കോന്നി വൈദികജില്ലാ പദയാത്രസംഘം പ്രധാനപദയാത്രയുമായി സംഗമിക്കുന്നു).
05.30 pm : പത്തനംതിട്ട കത്തീഡ്രൽ (പത്തനംതിട്ട വൈദിക ജില്ലാ പദയാത്ര സംഘം പ്രധാനപദയാത്രയുമായി സംഗമിക്കുന്നു) വിശ്രമം

## July 11, വ്യാഴം

06.00 am : പ്രഭാത നമസ്ക്കാരം, വി.കുർബാന
08.00 am : പുത്തൻപീടിക
10.00 am : ഓമല്ലൂർ
11.00 am : കൈപ്പട്ടൂർ
12.30 pm : ചന്ദനപ്പള്ളി (ഉച്ചഭക്ഷണം)
01.30 pm : കൊടുമൺ

| | | |
|---|---|---|
| 04.30 pm | : | അടൂർ (തിരുവല്ല അതിഭദ്രാസന, മുവാറ്റുപുഴ ഭദ്രാസന പദയാത്രാസംഘവും, പന്തളം, അടൂർ വൈദികജില്ലാ പദാത്രാ സംഘങ്ങളും പ്രധാനപദയാത്രയുമായി സംഗമിക്കുന്നു.) |
| 05.30 pm | : | പുതുശ്ശേരിഭാഗം (വിശ്രമം) |

## July 12 വെള്ളി

| | | |
|---|---|---|
| 06.00 am | : | പ്രഭാത നമസ്ക്കാരം, വി.കുർബാന |
| 07.30 am | : | ഏനാത്ത് കുരിശടി |
| 08.00 am | : | കുളക്കട |
| 08.30 am | : | കലയപുരം |
| 09.30 am | : | മൈലം |
| 12.30 pm | : | കിഴക്കേത്തെരുവ് (ഉച്ചഭക്ഷണം) (കൊട്ടാരക്കര വൈദികജില്ലാ പദയാത്ര സംഘം പ്രധാന പദയാത്രയുമായി സംഗമിക്കുന്നു). |
| 02.00 pm | : | കരിക്കം |
| 04.00 pm | : | വാളകം |
| 05.30 pm | : | ആയുർ (ആയൂർ, അഞ്ചൽ, പുനലൂർ വൈദികജില്ലാ പദയാത്രാസംഘങ്ങൾ പ്രധാന പദയാത്രയുമായി സംഗമിക്കുന്നു) (വിശ്രമം) |

## July 13 ശനി

| | | |
|---|---|---|
| 06.00 am | : | പ്രഭാത നമസ്ക്കാരം, വി.കുർബാന |
| 09.00 am | : | കുരിയോട് |
| 09.30 am | : | നിലമേൽ |
| 10.30 am | : | തട്ടത്തുമല |
| 12.30 pm | : | പാപ്പാല (ഉച്ചഭക്ഷണം) |
| 02.30 pm | : | കാരേറ്റ് (കിളിമാനുർ വൈദികജില്ലാ പദയാത്രാ സംഘം പ്രധാന പദയാത്രയുമായി സംഗമിക്കുന്നു) |
| 05.00 pm | : | പിരപ്പൻകോട് (വിശ്രമം) |

## July 14 ഞായർ

| | | |
|---|---|---|
| 06.00 am | : | പ്രഭാത നമസ്ക്കാരം, വി. കുർബാന |
| 10.00 am | : | വേറ്റിനാട് (ഗുഡ്ഗാവ്, പുന-കട്കി, പുത്തൂർ, ബത്തേരി ഭദ്രാസനങ്ങളിൽ നിന്നുള്ള പദയാത്രാ സംഘങ്ങൾ പ്രധാന പദയാത്രയുമായി സംഗമിക്കുന്നു.) |

| | | |
|---|---|---|
| 11.00 am | : | വട്ടപ്പാറ (നെടുമങ്ങാട് വൈദിക ജില്ല പദയാത്ര സംഘം പ്രധാന പദയാത്രയുമായി സംഗമിക്കുന്നു.) |
| 11.15 am | : | വട്ടപ്പാറ മാർക്കറ്റ് ജംഗ്ഷൻ |
| 01.00 pm | : | അരുവിയോട് (ഉച്ചഭക്ഷണം) |
| 03.00 pm | : | നാലാഞ്ചിറ |
| 03.15 pm | : | നാലാഞ്ചിറ ബഥനി ആശ്രമം |
| 03.45 pm | : | മാർ ഈവാനിയോസ് കോളേജ് ഗേറ്റ് |
| 04.30 pm | : | കേശവദാസപുരം ജംഗ്ഷൻ |
| 05.00 pm | : | തീർത്ഥാടന പദയാത്ര<br>(പ്രധാന പദയാത്രാ സംഘവും മാവേലിക്കര, മാർത്താണ്ഡം, പാറശ്ശാല എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള പദയാത്രാസംഘവും)<br>ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുന്നു. |
| 05.30 pm | : | സന്ധ്യാനമസ്ക്കാരം<br>മെഴുകുതിരി പ്രദക്ഷിണം<br>കബറിങ്കൽ ധൂപപ്രാർത്ഥന |
| 09.00 pm | : | ജാഗരണപ്രാർത്ഥന |

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ജൂലൈ 5, 6, 7 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 ആഗസ്റ്റ് 9, 10, 11 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് 2019 ജൂൺ 4-ന് എം.എസ്സ്.എസ്സ്.എസ്സ് - ൽ വച്ചു റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മെയ് മാസത്തിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ജൂൺ മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചയും നടത്തി.

## SAFP - F.F.T (Family Facilitation Team) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T മീറ്റിംഗ് 2019 ജൂൺ 5-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, ജിയാരാജ് എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ് ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീല രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

## ജനറൽ ബോഡി മീറ്റിംഗ്

കേരള സോഷ്യൽ സർവ്വീസ് ഫോറം ജനറൽ ബോഡി മീറ്റിംഗ് കോട്ടയം ആമോസ് സെന്ററിൽ വച്ചു 2019 ജൂൺ 7-ന് നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, ജനറൽ ബോഡി അംഗം ശ്രീ. ജോർജ് ഡാനിയേൽ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

## പ്രളയ ദുരന്ത നിവാരണ അവലോകന മീറ്റിംഗ്

കാരിത്താസ് ഇന്ത്യയുടെ പ്രളയ ദുരന്ത നിവാരണ പദ്ധതിയുടെ അവലോകന മീറ്റിംഗ് കോട്ടയം ആമോസ് സെന്ററിൽ വച്ചു 2019 ജൂൺ 8-ന് നടന്നു. എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## സ്നേഹവിരുന്ന്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യാക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ 60-ാം ജന്മദിനത്തോടനുബന്ധിച്ച് നൽകുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതിയാണ് സ്നേഹവിരുന്ന്. സ്നേഹവിരുന്നിന്റെ ജനറൽ ബോഡിമീറ്റിംഗ് 2019 മെയ് 10-ന് എം.എസ്സ്.എസ്സ്.എസ്സ്.ൽ വച്ചു നടന്നു. റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## റീജണൽ മീറ്റിംഗ്

സേവ് ഏ ഫാമിലി പ്ലാൻ പദ്ധതിയുടെയും ലില്ലിയൻ ഫോൺസ് പദ്ധതിയുടെയും സംയുക്ത റീജണൽ മീറ്റിംഗ് 2019 ജൂൺ 11-ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ചു നടന്നു. റവ. ഫാ. തോമസ് മുകളുംപുറത്ത് ഉദ്ഘാടനം ചെയ്തു. ശ്രീമതി ജയചിത്ര ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കോർഡിനേറ്റർമാരായ കുമാരി ജിയാരാജ്, ശ്രീമതി ഡോ. രാഖി, ആനിമേറ്റർ ശ്രീമതി പുഷ്പം ജോസ് എന്നിവർ പങ്കെടുത്തു.

## സൗത്ത് റീജണൽ മീറ്റിംഗ്

2019 ജൂൺ 13-ന് വയനാട് ശ്രേയസ്സിൽ വച്ചു സെൻസ് ഇന്റർനാഷണൽ പദ്ധതിയുടെ സൗത്ത് റീജണൽ ബധിരാന്ധത വിശകലന പരിപാടി സെൻസ് മാനേജ്മെന്റ് ടീമിന്റെ ആഭിമുഖ്യത്തിൽ നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. പ്രോജക്ട് കോർഡിനേറ്റർ എബിൻ എസ്. പങ്കെടുക്കുകയും ഒരു വർഷത്തെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

2019 ജൂൺ 14-ന് നാഗർകോവിൽ കരുണാലയം സ്പെഷ്യൽ സ്കൂളിൽ വച്ചു സൗജന്യ മെഡിക്കൽ ക്യാമ്പ് സെൻസ് ഇന്റർനാഷണൽ ബധിരാന്ധത പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. മുപ്പത്തിയേഴോളം ബധിരാന്ധതബാധിച്ച കുട്ടികൾ പങ്കെടുക്കുകയും വൈദ്യ പരിശോധന നടത്തുകയും ചെയ്തു.

## SAFP കുടുംബ സഹായ പദ്ധതി

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 14/06/2019 വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി അഞ്ചൽ, ബാലരാമപുരം, നെടുമങ്ങാട്, പോത്തൻകോട് എന്നീ മേഖലയിലെ 58 കുടുംബങ്ങൾക്ക് 5,85,128 ധനസഹായം നൽകി.

## രക്ഷകർത്താക്കൾക്ക് വേണ്ടിയുള്ള പരിശീലനം

സേവ് ഏ ഫാമിലി പ്ലാൻ പദ്ധതിയുടെയും ലില്ലിയൻ ഫോൺസ് പദ്ധതിയുടെയും സംയുക്ത റീജണൽ മീറ്റിംഗ് 2019 ജൂൺ 15-ന് നെടുമങ്ങാട് ITC യിൽ വച്ചു നടത്തി. ഭിന്നശേഷി ആരോഗ്യവും, ശുചിത്വ പരിപാലനവും എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി ജയചിത്ര ക്ലാസ് നടത്തി. പരിശീലന പരിപാടിയിൽ 58 പേർ പങ്കെടുത്തു.

## DDU - GKY പദ്ധതി

DDU - GKY പദ്ധതിയുടെ Faculties മീറ്റിംഗ് 2019 ജൂൺ 17-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തി. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, ശ്രീമതി നിഷാ മാത്യു, ശ്രീ. ജോർജ് ഡാനിയേൽ എന്നിവർ നേതൃത്വം നൽകി. DDU - GKY യുടെ പുതിയ മൂന്നു ബാച്ചുകൾ ആരംഭിച്ചു (കമ്പ്യൂട്ടർ ടാലി രണ്ടു ബാച്ച്, ഇലക്ട്രിക്കൽ ഒരു ബാച്ച്).

## DDU - GKY പദ്ധതി - അവാർഡ്

DDU - GKY പദ്ധതിയുടെ ഈ വർഷത്തെ സംസ്ഥാന തല ബസ്റ്റ് അവാർഡ് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് ലഭിക്കുകയുണ്ടായി. കുടുംബശ്രീയുടെ എക്സിക്യുട്ടീവ് ഡയറക്ടർ ഡോ. ഹരികിഷോറിൽ നിന്നും എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്തും, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ജോർജ്ജ് ഡാനിയേലും ചേർന്ന് അവാർഡ് 2019 ജൂൺ 20-ന് സ്വീകരിച്ചു.

## ഹെലൻ കെല്ലർ ദിനാചരണം

സെൻസ് ഇന്റർനാഷണൽ ബധിരാന്ധത പ്രോജക്ടിന്റെയും, ലില്ലിയൻ ഫോൺസ് പ്രോജക്ടിന്റെയും ആഭിമുഖ്യത്തിൽ ഹെലൻ കെല്ലർ ദിനം 2019 ജൂൺ 27-ന് നടത്തുകയുണ്ടായി. കേന്ദ്ര സാമൂഹിക ക്ഷേമ നീതി വകുപ്പ് ചെയർമാൻ ശ്രീ. ഷാജി എ. കെ. പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ അഡ്വ. പരശുവയ്ക്കൽ മോഹനൻ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. വിശിഷ്ട അതിഥി നയൻ എന്ന ഓട്ടിസ്റ്റ് കുട്ടിയെ പരിചയപ്പെടുത്തുകയും ആ കുട്ടിയുടെ നേട്ടങ്ങളെ ചൂണ്ടി കാട്ടുന്ന ഒരു വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു. 150 ഓളം മാതാപിതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

## MIS പരിശീലനം

2019 ജൂൺ 28-ന് DDU - GKY മൈഗ്രേഷൻ സെന്ററിൽ സംഘടിപ്പിച്ച MIS- MPR പരിശീലന പരിപാടിയിൽ എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് സെന്റർ ഹെഡ് ശ്രീമതി നിഷാ മാത്യു, MIS ഹെഡ് ഡോ. രാഖി എന്നിവർ പങ്കെടുത്തു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 58 കുടുംബങ്ങൾക്ക് 5,85,128/- രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 2 കുടുംബങ്ങൾക്ക് 32,000/- രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 11,500/- രൂപയും നൽകി.

# ഇടയനാളാഗമം

## ജൂൺ 2019

## (പ്രധാന പരിപാടികൾ)

**ജൂൺ 1**

വൈകുന്നേരം 5.30-ന് പാളയം നന്ദാവനത്തിൽ നടന്ന മുസ്ലീം അസോസിയേഷൻ സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ സംബന്ധിച്ചു.

**ജൂൺ 2**

രാവിലെ 8.00-ന് ഇളമാട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ എത്തി വചനസന്ദേശം നൽകി.

രാവിലെ 11.00-ന് യാക്കോബായ സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തയുമായി തിരുസന്നിധിയിൽ കൂടിക്കാഴ്ച്ച നടത്തി.

ഉച്ചകഴിഞ്ഞ് 3.00-ന് കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താനെ പട്ടം തിരുസന്നിധിയിൽ സ്വീകരിച്ചു.

വൈകുന്നേരം 7.00-ന് വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ പെന്തിക്കോസ്താ ഒരുക്കപ്രാർത്ഥനാശുശ്രൂഷയിൽ സംബന്ധിച്ചു.

**ജൂൺ 3**

രാവിലെ 9.00-ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ഈ വർഷം പുതുതായി പ്രവേശിക്കുന്ന വൈദിക വിദ്യാർത്ഥികളെയും അവരുടെ കുടുംബാംഗങ്ങളെയും പട്ടം അരമനയിൽ വ്യക്തിപരമായി കണ്ടു. വൈദികവിദ്യാർത്ഥികളെ സെമിനാരിയിലേക്ക് സ്വീകരിച്ചു.

**ജൂൺ 4**

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് തിരുവല്ലായിൽ എത്തി കബറടക്ക ശുശ്രൂഷയുടെ ഒന്നും രണ്ടും ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 5**

പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

**ജൂൺ 6**

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 7**

രാവിലെ 9.30-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അധ്യയന വർഷ ആരംഭത്തിലെ ആശീർവാദ കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 8**

രാവിലെ 8.00-ന് പത്തനംതിട്ട കത്തീഡ്രലിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ വചനസന്ദേശം നൽകി. തുടർന്ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലിത്തയായി ചുമതലയേൽക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം 6.00-ന് വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ നടന്ന പെന്തിക്കൊസ്താ ഒരുക്ക ധ്യാനത്തിൽ സംബന്ധിച്ചു.

**ജൂൺ 9**

രാവിലെ 8.00-ന് വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി പെന്തിക്കൊസ്തി ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അപ്പസ്തോലിക്ക് സ്കൂളിലെ കുഞ്ഞുങ്ങൾക്ക് കൈവയ്പ് നല്കി അനുഗ്രഹിച്ചു.

**ജൂൺ 10**

രാവിലെ 9.00 മണിക്ക് കറവൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ എഴിയത്ത് പുത്തൻ വീട്ടിൽ ശ്രീ. റോബിൻ യോഹന്നാന്റെ അമ്മയുടെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം 4.00-ന് മഞ്ഞക്കാല കല്ലുവിളയിൽ ശ്രീ. ലാലു തോമസിന്റെ ഭവനാശീർവാദം നടത്തി.

**ജൂൺ 11**

രാവിലെ 8.30-ന് ദീപിക പത്രത്തിന്റെ ന്യൂസ് എഡിറ്റർ ശ്രീ. സാബു ജോണിന് അഭിമുഖം നൽകി.

ഉച്ചകഴിഞ്ഞ് 2.00-ന് വടശ്ശേരിക്കര, സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വന്ദ്യ മാത്യൂസ് വാഴപ്പിള്ളേത്ത് റമ്പാച്ചന്റെ ശവസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

**ജൂൺ 12**

രാവിലെ 9.00-ന് മൂവാറ്റുപുഴ കത്തീഡ്രലിൽ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ വചനസന്ദേശം നൽകി. തുടർന്ന് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലിത്തയായി ചുമതലയേൽക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

**ജൂൺ 13**

രാവിലെ 9.00-ന് നാലാഞ്ചിറ സർവോദയ വിദ്യാലയത്തിന്റെ കൂദാശ നടത്തി.

ഉച്ചകഴിഞ്ഞ് 3.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ശ്രീ. അരുൺ ചാക്കോയുടെ മകൾ ഹെലന് മാമോദീസ നൽകി.

വൈകുന്നേരം 6.30-ന് പട്ടം അരമനയിൽ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 7.30-ന് പട്ടം തിരുസന്നിധി അരമനയുടെ ഭവനാശീർവാദം നിർവഹിച്ചു.

**ജൂൺ 14**

രാവിലെ 9.00-ന് നാലാഞ്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിന്റെ കൂദാശ നടത്തി.

**ജൂൺ 15**

രാവിലെ 6.15-ന് അരമന ചാപ്പലിൽ, ഷഷ്ഠിപൂർത്തിയോട നുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിച്ചു. തുടർന്ന് ജന്മദിനാശം സകൾ നേരാൻ എത്തിയവരോടൊപ്പം പ്രഭാതഭക്ഷണം കഴിച്ചു.

**ജൂൺ 16**

രാവിലെ 10.00-ന് പാലോട് സെന്റ് തോമസ് മലങ്കര സുറി യാനി കത്തോലിക്കാ ദൈവാലയത്തിൽ വചനസന്ദേശം നൽകി.

വൈകുന്നേരം 6.00-ന് നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് സ്നേഹവീട്ടിൽ അന്തേവാസികളോടൊപ്പം വിരുന്നിൽ സംബന്ധിച്ചു.

**ജൂൺ 17**

രാവിലെ 11.00-ന് പട്ടം സെന്റ് മേരീസ് എൽ.പി.എസ്സ്. ആശീർ വദിച്ച് പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭം കുറിച്ചു.

വൈകുന്നേരം 8.00-ന് ജന്മദിനാശംസകൾ നേരാനെത്തിയ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നിവരെ പട്ടം അരമനയിൽ സ്വീകരിച്ചു.

**ജൂൺ 18**

രാവിലെ 6.00-ന് പിരപ്പൻകോട് സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിലെത്തി അന്തേവാസികളോടൊപ്പം പ്രഭാതഭക്ഷണത്തിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക് 12.30-ന് നാലാഞ്ചിറ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിൽ വിരമിക്കുന്ന സി. ആദർശയുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം 6.00-ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ജൂൺ 19**

ഉച്ചകഴിഞ്ഞ് 2.00-ന് നാലാഞ്ചിറ മാർ ബസേലിയോസ് കോളേജിന്റെ Convocation ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം 6.00-ന് പട്ടം അരമനയിൽ ഡോ. ബിജു പ്രഭാകർ ഐ.എ.എസുമായി കൂടിക്കാഴ്ച് നടത്തി.

വൈകുന്നേരം 6.30-ന് പോങ്ങുംമൂട് ഡി.എം. പ്രൊവിൻഷ്യലേറ്റിൽ നടന്ന പ്ലീനറി സെക്ഷനിൽ ബഹു. സിസ്റ്റേഴ്സിനെ അഭിസംബോധന ചെയ്തു.

**ജൂൺ 20**

രാവിലെ 9.15-ന് പ്രക്കാനത്ത്, വെരി റവ. ഫാ. സജി മുക്കൂട്ടുമണ്ണിലച്ചന്റെ അങ്കിൾ ശ്രീ. ജോയിയുടെ നിര്യാണത്തെ തുടർന്ന് ഭവനത്തിലെത്തി അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് 1.15-ന് ചങ്ങനാശ്ശേരി ഇടവകാംഗം നിര്യാതനായ ശ്രീ. രാജു കാക്കനാട്ടിന്റെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

**ജൂൺ 21**

രാവിലെ 10.00-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ എൺപതാം വാർഷിക ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**ജൂൺ 22**

രാവിലെ 11.00-ന് പട്ടം അരമനയിൽ മേജർ അതിഭദ്രാസനത്തിന്റെ എപ്പാർക്കിയൽ കൺസൾട്ടേഴ്സിന്റെ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

**ജൂൺ 24**

രാവിലെ 10.00-ന് നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിന്റെ 70-ാം അദ്ധ്യയന വർഷ ആഘോഷം ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ വിദ്യാർത്ഥികളെയും (UG, PG Students) അവരുടെ രക്ഷകർത്താക്കളെയും അഭിസംബോധന ചെയ്തു.

**ജൂൺ 27**

ഉച്ചകഴിഞ്ഞ് 2.30-ന് പോങ്ങുംമൂട് ഡി.എം. പ്രൊവിൻഷ്യൽ ഹൗസിൽ, നിര്യാതയായ, സി. മാവുരീസിന്റെ ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 28**

വൈകുന്നേരം 6-8 മണിവരെ മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിൽ പ്രാർത്ഥനാശുശ്രൂഷയിൽ സംബന്ധിച്ചു.

# ജന്മദിനാശംസകൾ

## ജൂലൈ 2019

08 - റവ. ഫാ. തോമസ് തെക്കേടത്ത്
08 - റവ. ഫാ. ജോൺ താഴയിൽ
08 - റവ. ഫാ. ഡാനിയേൽ വല്യയ്യത്ത്
08 - റവ. ഫാ. ജോൺ കിഴക്കേകര
08 - റവ. ഫാ. മാത്യു തോമസ് താഴേതോട്ടത്തിൽ
09 - റവ. ഫാ. ജോൺ കുറ്റിയിൽ
10 - റവ. ഫാ. ഡാനിയേൽ ചരുവിൽ
11 - റവ. ഫാ. ജോസഫ് വള്ളിയാട്ട്
11 - റവ. ഫാ. ബെനഡിക്ട് കൂടത്തുമണ്ണിൽ
17 - റവ. ഫാ. ഗീവർഗ്ഗീസ് മണിപ്പറമ്പിൽ
20 - റവ. ഫാ. തോമസ് പൂവണ്ണാൽ
24 - റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
26 - റവ. ഫാ. ജോൺ മുരുപ്പേൽ
27 - വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്

# പ്രാർത്ഥനയിൽ ഓർക്കാം

## ജൂലൈ 2019

07 - റവ. ഫാ. തോമസ് പണിക്കർ
07 - റവ. ഫാ. ഈപ്പൻ കപ്ലാച്ചേരിൽ
14 - റവ. ഫാ. ജോർജ്ജ് കുറ്റിയിൽ
15 - റവ. ഫാ. മാണി യോഹന്നാൻ ചീരപ്പള്ളിൽ
റവ. ഫാ. സാമുവൽ പള്ളിവാതുക്കൽ
15 - റവ. ഫാ. മത്തായി കിഴക്കേവിള
16 - റവ. ഫാ. ജോർജ്ജ് മൂത്തേരിൽ
25 - റവ. ഫാ. ഗീവർഗീസ് മൺകാവിൽ
29 - റവ. ഫാ. ഫിലിപ്പോസ് കൊച്ചുകല്ലിൽ

# സ്മരണീയ ദിനങ്ങൾ

## 2019 ജൂലൈ

| | | |
|---|---|---|
| 1 | തിങ്കൾ | പ്രധാനാചാര്യനായ അഹറോൻ |
| 3 | ബുധൻ | **മാർതോമ്മാശ്ലീഹായുടെ ദുക്റോനോത്തിരുനാൾ** |
| | | **വികാരിക്കുർബാന** |
| | | **അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ** |
| | | **നാമഹേതുകതിരുന്നാൾ** |
| 6 | ശനി | വി. മരിയ ഗൊരേത്തി |
| 7 | **ഞായർ** | **പെന്തിക്കൊസ്തിക്കു ശേഷം നാലാം ഞായർ** |
| | | **കുടുംബദിനം** |
| | | **പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ** |
| 11 | വ്യാഴം | വി. ബനഡിക്ട് |
| 13 | ശനി | മാർ ശീലാസ് |
| 14 | **ഞായർ** | **പെന്തിക്കൊസ്തിക്കു ശേഷം അഞ്ചാം ഞായർ** |
| 15 | തിങ്കൾ | **ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്** |
| | | **തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ (1953)** |
| | | **വികാരിക്കുർബാന** |
| | | മാർ കുറിയാക്കോസും മർത്താ യൂലിത്തിയും |
| 16 | ചൊവ്വ | കർമ്മലമാതാവ് |
| 17 | ബുധൻ | **അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ** |
| | | **മെത്രാഭിഷേക വാർഷികം (1997)** |
| 19 | വെള്ളി | വി. മക്രീന |
| 20 | ശനി | ഏലിയാ നിബിയാ |
| 21 | **ഞായർ** | **പെന്തിക്കൊസ്തിക്കു ശേഷം ആറാം ഞായർ** |
| 22 | തിങ്കൾ | വി. മഗ്ദലേന മറിയം |
| 23 | ചൊവ്വ | എസക്കിയേൽ നിബിയാ |
| 28 | **ഞായർ** | **പെന്തിക്കൊസ്തിക്കു ശേഷം ഏഴാം ഞായർ** |
| | | **വി. അൽഫോൻസാ** |
| 29 | തിങ്കൾ | **ബഥനിയിലെ മർത്തായും മറിയവും ലാസറും** |
| 31 | ബുധൻ | ലയോളയിലെ വി. ഇഗ്നേഷ്യസ് |

# ആദരാഞ്ജലികൾ

## വന്ദ്യ മാത്യൂസ് വാഴപ്പിള്ളേത്ത് റമ്പാൻ (കുരിശുമല റമ്പാച്ചൻ)



റാന്നി-പെരുന്നാട്ടിലെ കുരിശുമല ദയറാധിപൻ വന്ദ്യ മാത്യൂസ് വാഴപ്പിള്ളേത്ത് റമ്പാൻ (82) 2019 ജൂൺ 10-ന് നിര്യാതനായി. തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായിരുന്ന ബഹു. അച്ചന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി 2008-ൽ റമ്പാൻ സ്ഥാനം നൽകി. റാന്നി-പെരുന്നാട്ടിൽ കുരിശുമല ആശ്രമത്തിന്റെ അധിപനായി ചുമതല വഹിക്കുകയായിരുന്നു. ഉത്തമ വാഗ്മിയും സുവിശേഷ പ്രഘോഷകനുമായിരുന്നു വന്ദ്യ റമ്പാച്ചൻ. കബറടക്ക ശുശ്രൂഷകൾ ജൂൺ 11-ന് വടശ്ശേരിക്കര സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിയുടെ സഹകാർമ്മികത്വത്തിലും നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## റവ. സി. മാവുരൂസ് ഡി. എം. (74)



മേരീമക്കൾ സന്ന്യാസിനിസമൂഹം തിരുവനന്തപുരം പ്രൊവിൻസ് അംഗമായ റവ. സി. മാവുരൂസ് ഡി. എം. (74) നിര്യാതയായി. ശവസംസ്ക്കാരം 2019 ജൂൺ 27 ഉച്ച കഴിഞ്ഞ് 2.30-ന് പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു. പനച്ചമൂട്, കോന്നി, കൊടിയമ്പാല, മൈലാടുംപൊട്ടി, ചോഴിയക്കോട്, അഞ്ചൽ, ശാന്തിനിലയം (തിരുവല്ല), മേജർ ആർച്ചു ബിഷപ്പ്സ് ഹൗസ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ജൂലൈ 2019

| | | | |
|---|---|---|---|
| 1 | 09.00 | am | കബർ ചാപ്പൽ, കത്തീഡ്രൽ |
| 3 | 09.30 | am | സർവോദയ സ്കൂൾ, നാലാഞ്ചിറ |
| | 11.00 | am | സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി |
| | 6.30 | pm | സെന്റ് തോമസ് ഹോസ്റ്റൽ, നാലാഞ്ചിറ |
| 6 | 10.00 | am | എം.സി.എ. ലീഡേഴ്സ് മീറ്റ് |
| | 12.00 | noon | എം.എസ്സ്.എസ്സ്.എസ്സ്. |
| 9 | 5.00 | pm | പ്രസ്സ് ക്ലബ്ബ്, തിരുവനന്തപുരം |
| 10 | 6.30 | am | റാന്നി-പെരുന്നാട് |
| | 11.00 | am | സെന്റ് മേരീസ് സ്കൂൾ, കിഴക്കേത്തെരുവ് |
| 11 | 10.30 | am | സർവോദയ വിദ്യാലയ, നാലാഞ്ചിറ |
| 12 | | | കോഴിക്കോട് |
| 13 | 8.00 | am | തിരുവല്ല |
| | 4.00 | pm | ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസ്, നാലാഞ്ചിറ |
| | 7.00 | pm | സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി |
| 14 | | | കത്തീഡ്രൽ |
| 15 | 8.00 | am | കത്തീഡ്രൽ |
| | 3.00 | pm | തിരുവല്ല |
| 17 | 4.00 | pm | തിരുവഴി |
| 18 | 6.30 | am | വടക്കുപുറം |
| | 10.30 | am | പൂങ്കാവ് |
| 19-21 | | | മുക്കൂർ |
| 23-24 | | | മേജർ അതിഭദ്രാസന അസംബ്ലി ഗിരിദീപം, നാലാഞ്ചിറ |
| 25 | 10.30 | am | പട്ടം കബർ ചാപ്പൽ |
| 26-9 August | | | യു.എസ്.എ. |

# നാമഹേതുക തിരുനാളാശംസകൾ



**ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ**
(ജൂലൈ 3)




DDU GKY Project നടത്തിപ്പിൽ A Grade ലഭിച്ചതിന്റെ അംഗീകാരപത്രം എം.എസ്.എസ്.എസ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുപുറത്ത് ഏറ്റുവാങ്ങുന്നു. (20 ജൂൺ 2019)

മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 66-ാം ഓർമ്മപ്പെരുന്നാൾ - 2019

**ജൂലൈ 1 മുതൽ 14 വരെ**

**9 a.m.- 5 p.m.** : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ

**5.15 p.m.** : സന്ധ്യാനമസ്ക്കാരം

**5.30 p.m.** : വി. കുർബാന

**ജൂലൈ 10 (ബുധൻ) മുണ്ടൻമല, പെരുന്നാട്**

**6.15 a.m.** : പ്രഭാത നമസ്കാരം, വി. കുർബാന

**8.00 a.m.** : പെരുന്നാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്രയുടെ ഉദ്ഘാടനം

: **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി**

**ജൂലൈ 14 (ഞായറാഴ്ച)**

**10.30 a.m.** : വി. കുർബാന (കബർ ചാപ്പൽ)

**5.00 p.m.** : പെരുന്നാട്ടിൽനിന്നുള്ള
പ്രധാന പദയാത്രികരെ കബറിങ്കൽ സ്വീകരിക്കുന്നു (കത്തീഡ്രൽ)

**5.30 p.m.** : സന്ധ്യാനമസ്കാരം (കത്തീഡ്രൽ)

: സുവിശേഷസംഘാംഗങ്ങൾക്ക് കൈവെയ്പ് ശുശ്രൂഷ

: മെഴുകുതിരി പ്രദക്ഷിണ നേർച്ച

: കബറിങ്കൽ ധൂപപ്രാർത്ഥന
ശ്ലൈഹിക ആശിർവാദം (കത്തീഡ്രൽ മട്ടുപ്പാവിൽ)

**9.00 pm-11.00pm** : ജാഗരണപ്രാർത്ഥന (കബറിങ്കൽ)

## ജൂലൈ 15 (തിങ്കൾ)

8.30 a.m. : പ്രഭാത നമസ്ക്കാരം,
**ആഘോഷമായ വി. സമൂഹബലി**
മുഖ്യ കാർമ്മികൻ
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി**

: മുഖ്യാതിഥി
**അത്യഭിവന്ദ്യ ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ് പാത്രിയർക്കീസ് ബാവാ**

: സുവിശേഷസംഘാംഗങ്ങൾക്ക് വി. വേദപുസ്തകവും മെഴുകുതിരിയും നൽകുന്നു

: കബറിങ്കൽ ധൂപപ്രാർത്ഥന

: ശ്രാദ്ധ സദ്യ

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116